# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി 10)1511/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/12/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി 10)1511/2023 തീയ്യതി: 05/12/2023

## എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 19-09-2023 | 27-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-09-2023 | 27-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ധീരജ്.ജെ ,ഓഡിറ്റ് ഓഫീസർ
ശ്രീ.പ്രവീൺ ഷേണായി.ജെ, ഓഡിറ്റ് ഓഫീസർ
ശ്രീ.വിജു.എം.എസ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി.മേഴ്സി.കെ.പി സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലീജ തോമസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ബി.അജിത | സെക്രട്ടറി | 01-04-2022 | 09-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി.സീജ ജോസഫ് | സെക്രട്ടറി | 10-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോസഫ്.സി.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.എലിസബത്ത്.സി.എക്സ് | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷീബ.എൻ.കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ദേവദാസ്.ഡി.എച്ച് | വി.ഇ.ഒ കുമ്പളങ്ങി സൗത്ത് സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുജാത.വി.എൻ | വി.ഇ.ഒ കുമ്പളങ്ങി നോർത്ത് സർക്കിൾ | 01-04-2022 | 31-03-2023 |
| ശ്രീ.ദീപു.ഡി | വി.ഇ.ഒ കുമ്പളങ്ങി സർക്കിൾ | 01-04-2022 | 31-03-2023 |
| ഡോ.അനിലകുമാരി | മെഡിക്കൽ ഓഫീസർ,.സി.എച്ച്.സി,കുമ്പളങ്ങി | 01-04-2022 | 31-03-2023 |
| ഡോ.ലക്ഷ്മി കാർത്തികേയൻ | മെഡിക്കൽ ഓഫീസർ.ആയ്യുർവേദം | 01-04-2022 | 31-03-2023 |
| ഡോ. അനീഷ്.പി | മെഡിക്കൽ ഓഫീസർ.ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.ടിന്റു മാത്യു | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിന്ദുമോൾ.പി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.മിലി ഗോപിനാഥ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.സേവ്യർ.പി.ജി. | ഹെഡ്മാസ്റ്റർ,ഗവ.യു.പി.എസ്,പഴങ്ങാട് | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ -വിവിധ ഹെഡ്ഡിൽ ഉൾപ്പെടുത്തിയില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക വിശകലനം | 1-3 |
| 8 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 11 | സാമൂഹ്യക്ഷേമ പദ്ധതി | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 15 | തനത് വരുമാനം - അവലോകനം | 1-11 |
| 16 | തനത് ഫണ്ട് പരിപാലനം | 1-11-1 |
| 17 | വസ്തുനികുതി - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-12 |
| 18 | ARV കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നതിന്റെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ് | 1-12 -1 |
| 19 | വാടക - കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-13 |
| 20 | സാമൂഹ്യ സുരക്ഷാ പെൻഷൻ - സർക്കാർ സർക്കുലർ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നില്ല | 1-14 |
| 21 | ലേലം തുകകൾ - അക്കൗണ്ട് ചെയ്തിരിക്കുന്നതിലെ അപാകതകൾ | 1-15 |
| 22 | ആംബുലൻസ് മെയിന്റനൻസ് -വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചു | 1-16 |
| 23 | നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല | 1-17 |
| 24 | അസാധുവായ ചെക്കുകളിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 1-18 |
| 25 | തെങ്ങിലെ കീടരോഗനിയന്ത്രണ പദ്ധതി-അപാകങ്ങൾ | 1-19 |
| 26 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 1-20 |
| 27 | സ്വാഗത ബോർഡുകൾ സ്ഥാപിച്ചതിന്റെ ചെലവ് തുക വീണ്ടെടുത്തില്ല | 1-21 |
| 28 | മരാമത്തു പ്രവൃത്തികളിലെ ചില അപാകങ്ങൾ | 1-22 |
| 29 | ജി.എസ്.ടി.-ടി.ഡി.എസ്. തുക ഉത്ഭവത്തിൽ നിന്നും കുറവ് ചെയ്തില്ല | 1-23 |
| 30 | വൈദ്യുതി ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല | 1-24 |

| | | |
|---|---|---|
| 31 | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല | 1-25 |
| 32 | വിവാഹ ധനസഹായ പദ്ധതി - അധിക തുക നൽകി | 1-26 |
| 33 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി | 1-27 |
| 34 | എ.ഐ.ടി.ഇ. വേതനം - വിനിയോഗവിവരം ലഭ്യമായിട്ടില്ല. | 1-28 |
| 35 | തെരുവു വിളക്ക് വാങ്ങൽ പദ്ധതി നടപടികളിൽ ന്യൂനതകൾ. | 1-29 |
| 36 | എസ്.എസ്.കെ. പ്രൊജക്ട് -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-30 |
| 37 | ചാലവീട്ടിൽ സ്ലൂയിസ് ഷട്ടർ നിർമ്മാണം പ്രൊജക്ട് നാളിതുവരെ പ്രാവർത്തികമായില്ല | 1-31 |
| 38 | ലാപ്ടോപ്പുകൾ അധിക വിലക്ക് വാങ്ങി | 1-32 |
| 39 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രൊജക്ടിലെ ന്യൂനത സംബന്ധിച്ച് | 1-33 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | വിവാഹ ധനസഹായ പദ്ധതി - അധിക തുക നൽകി | 3-1 |
| 2 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധിക തുക നൽകി | 3-2 |
| 3 | തെരുവു വിളക്ക് വാങ്ങൽ പ്രൊജക്ട് നടപടികളിൽ ന്യൂനതകൾ. | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

(1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.07.2023 ലെ കമ്മിറ്റി തീരുമാനം 1/1 പ്രകാരം തയ്യാറാക്കി 06.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

(2) C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

(3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി:05.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്).

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകകൾ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹6506613/-ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)8757501/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ലഭിക്കേണ്ട തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റിസീവബിൾസ് (കറൻറ്) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഓരോവർഷവും ഇ-ടെണ്ടർ ഫോറത്തിന്റെ വരവ് അക്കൗണ്ടിൽ ഉൾപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഈ ഇനത്തിൽ ഓരോ വർഷങ്ങളിലും ഇതുവരെ ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

### 1-1-4 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ -വിവിധ ഹെഡ്ഡിൽ ഉൾപ്പെടുത്തിയില്ല

ഷെഡ്യൂൾ ബി-3 : ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25.03.2022 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. ഗ്രാമപഞ്ചായത്തിന്റെ പരിഷ്കരിച്ച ബജറ്റ് 10.03.2023ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് (₹) | റസീപ്റ്റ് & പേയ്മെന്റ്(₹) | വ്യത്യാസം(₹) |
|---|---|---|---|
| നീക്കിയിരിപ്പ് | 8856305.00 | 24015502.15 | -15159197.15 |
| വരവ് | 218520490.00 | 46188975.00 | 172331515.00 |
| ആകെ | 227376795 | 70204477.15 | 157172317.85 |
| ചെലവ് | 219808575.00 | 39682362.00 | 180126213.00 |
| നീക്കിയിരിപ്പ് | 7568220 | 30522115.15 | (-)22953895.15 |

ഇ.എഫ്.എം.എസ് വഴി മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്കായി ₹1.69 കോടിയും, ക്ഷേമ പദ്ധതികൾക്കായി ഡി.ബി.റ്റി വഴി ₹4.51കോടിയും, വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് പ്രകാരമുള്ള ₹2.88 കോടിയും ലഭിച്ചതുൾപ്പെടെ തനത് സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയാലും ബജറ്റും വാർഷിക ധനകാര്യപത്രികയും തമ്മിൽ കണക്കിൽ അന്തരമുണ്ട്. വാർഷിക കണക്കുകൾ യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | ₹ 24015502.15 |
| വരവ് | ₹ 46188975.00 |
| ആകെ | ₹ 70204477.15 |
| ചെലവ് | ₹ 39682362.00 |
| നീക്കിയിരിപ്പ് | ₹ 30522115.15 |

റസീപ്റ്റ് & പേയ്മെന്റ് പ്രകാരമുള്ള വരവ് ചെലവിനങ്ങളാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനത്തിൽ വരവുള്ള തുകകൾ തുടർന്നുള്ള ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി (₹) | വരവ് തുക (₹) | ആകെ (₹) | ചെലവ് തുക(₹) | നീക്കി ബാക്കി (₹) | ലാപ്സായ തുക(₹) |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 12342303 | 12342303 | 12329277 | 0 | 13026 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 4262810 | 4262810 | 3948959 | | 313851 |
| വികസനഫണ്ട്. (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 2989700 | 2989700 | 1401000 | | 1588700 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 7306000 | 7306000 | 4414160 | 0 | 2891840 |
| ധനകാര്യകമ്മീഷൻ അവാർഡ് (ബാങ്ക്,ടൈഡ്) | 2049157 | 4321000 | 6370157 | 2443961 | 3926196 | 0 |
| ധനകാര്യകമ്മീഷൻ അവാർഡ്(ടൈഡ്) ട്രഷറി | 0 | 1834803 | 1834803 | 1690498 | 0 | 144305 |
| ധനകാര്യകമ്മീഷൻ അവാർഡ് (ട്രഷറി) | 0 | 319222 | 319222 | 297932 | 0 | 21290 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ അവാർഡ് (ബേസിക്)ബാങ്ക് | 2015913 | 2880000+ 210821(പലിശ) =3090821 | 5106734 | 4083810 | 1022924 | 0 |
| ഐ.സി.ഡി.എസ് (320100125) | 889455 | 1680714 | 2570169 | 1280252 | 1289917 | 0 |
| ടി.എസ്.സി (320100181) | 565332 | 0 | 565332 | 0 | 565332 | 0 |
| സോളിഡ് വേസ്റ്റ് 320200304) | 7659 | 0 | 7659 | 649 | 7010 | 0 |
| BSUP (320100108) | 1236266 | 34598 | 1270864 | 0 | 1270864 | 0 |
| സാക്ഷരത (320100197) | 2975 | 80 | 3055 | 0 | 3055 | 0 |
| ശുചിത്വമിഷൻ (320100198) | 841047 | 0 | 841047 | 0 | 841047 | 0 |
| ഹെൽത്ത് ഗ്രാന്റ് (320100202) | 0 | 421286 | 421286 | 183300 | 237986 | 0 |
| ദുരിതാശ്വാസനിധി (311100101) | 0 | 86580 | 86580 | 52947 | 33633 | |
| ലൈഫ് സ്റ്റേറ്റ് ഷെയർ (320100160) | 169994 | 2315 | 172309 | 0 | 172309 | |

1) ജി.ഒ പ്രോജക്റ്റ് പ്രകാരം ലൈഫ് ഭവന പദ്ധതി (ജനറൽ) തിരിച്ചടവായി വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്ന് ₹2864892/- യും അങ്കണവാടി അദ്ധ്യാപകർക്കുള്ള ഓണറേറിയം ഇനത്തിൽ ₹1357800/-യും ഉറവിടത്തിൽ നിന്ന് കിഴിവ് ചെയ്തിട്ടുള്ളതാണ്. കൂടാതെ (പ്രോജക്റ്റ് നം.43/23,146/23,49/23 (7943+150000+57765) ₹215708/- ക്യൂ ബില്ലാണ്. ആയതിനാലാണ് I-6 ലെ തുകയുമായി വ്യത്യാസം കാണുന്നത്.

2) ജി.ഒ പ്രോജക്റ്റ് പ്രകാരം ലൈഫ് ഭവന പദ്ധതി (പട്ടികജാതി) തിരിച്ചടവായി വികസനഫണ്ടിൽ (എസ്.സി.പി) നിന്ന് ₹590190/- ഉറവിടത്തിൽ നിന്ന് കിഴിവ് ചെയ്തിട്ടുള്ളതാണ്.

3) ക്യാപിറ്റൽ കോൺട്രിബ്യൂഷനിനത്തിൽ ധനകാര്യകമ്മീഷൻ അവാർഡ് (ബേസിക്) ഗ്രാന്റിൽ നിന്ന് ₹780026/- ഉം ധനകാര്യകമ്മീഷൻ അവാർഡ് (ടൈഡ്) ഗ്രാന്റിൽ നിന്ന് ₹261307/- ഉം ഉൾപ്പെട്ടിട്ടുണ്ട്.

4) സംരക്ഷണ ഗ്രാന്റ് (റോഡ്) ൽ (പ്രോജക്റ്റ്നം 202/23)₹9194/- ക്യൂ ബില്ലാണ്. ആയതിനാലാണ് I-6 ലെ തുകയുമായി വ്യത്യാസം കാണുന്നത്.

5) സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) ൽ (പ്രോജക്റ്റ്നം 187/23)₹47609/- ക്യൂ ബില്ലാണ്. ആയതിനാലാണ് I-6 ലെ തുകയുമായി വ്യത്യാസം കാണുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | അടങ്കൽ (₹) | ചെലവ് തുക (₹) | പൂർണ്ണമായി നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തികരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 132138620 | 56326852 | 109 | 74 | 56 | 45.61% |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരുപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1814 | 913966 | 915780 | 914802 | 978 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | -- | 16991220 | 16991220 | 16991220 | - |
| ആകെ | 1814 | 17905186 | 17907000 | 17906022 | 978 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതി

| ക്രമ നം | പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 828800 | 75 |
| 2 | തൊഴിൽ രഹിത വേതനം | 0 | 0 |

| | | | |
|---|---|---|---|
| 3 | വിധവാ പെൻഷൻ | 9476300 | 885 |
| 4 | വികലാംഗ പെൻഷൻ | 3136000 | 306 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1588000 | 147 |
| 6 | വാർദ്ധക്യ കാല പെൻഷൻ | 29977000 | 3167 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000 | 5 |

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2023, 3.45 P.m. ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹6,811/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി കാണുന്നു.

1). ഗ്രാമപഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2). സൂചിക, സേവന സിവിൽ രജിസ്ട്രേഷൻ (Birth & Death And Marriage Registration), സാംഖ്യ (ലോക്കൽ) എന്നീ ആപ്ലിക്കേഷനുകൾ മാത്രമേ ILGMS മായി ലിങ്ക് ചെയ്തിട്ടുള്ളൂ.ബാക്കി പ്രധാന ആപ്ലിക്കേഷനുകളായ സുലേഖ, സാംഖ്യ (വെബ്), സഞ്ചയ എന്നിവ ലിങ്ക് ചെയ്തിട്ടില്ല. ആയതിനാൽ ഗ്രാന്റ് ഇൻ എയ്ഡ് ചെലവുകളും, പ്രൊജക്ട് ചെലവുകളും ILGMS ൽ Real Time Mapping നടക്കുന്നില്ല. പ്രൊജക്ട് ചെലവുകളുടെ ഫയലുകളും, ILGMS വഴി പരിശോധിക്കാൻ സാധിക്കുന്നില്ല. E-Bill Generation ILGMS-ൽ പ്രാവർത്തികമായിട്ടില്ല.

3) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

### 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോർമൻസ് ഓഡിറ്റ് | 29.01.2021 | 01.10.20 മുതൽ 31.12.20 വരെ | ലഭിച്ചിട്ടില്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.01.2020 | 2014-15മുതൽ 2018-19 വരെ | 20.02.2020 |

### 1-11 തനത് വരുമാനം - അവലോകനം

എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ പള്ളുരുത്തി ബ്ലോക്കിൽ ആകെ 17 വാർഡുകളിലായി വ്യാപിച്ച് സ്ഥിതി ചെയ്യുന്ന കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന് വിവിധ ബാങ്ക് അക്കൗണ്ടുകളിലായി മെച്ചപ്പെട്ട തനത് വരുമാനം നിലവിലുണ്ട്. നികുതി, ഫീസ്, വാടക, ലേലത്തുക തുടങ്ങി നികുതി - നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ( G.O.(P) No.78/2019/LSGD/2.11.2019) ലെ ചട്ടം 21 പ്രകാരം ഗ്രാമ പഞ്ചായത്തിൽ പെർമിറ്റ് നൽകി, ഒക്കുപ്പൻസി നൽകിയ കെട്ടിടങ്ങളിന്മേൽ ഗ്രാമപഞ്ചായത്തിന് പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്താവുന്നതാണ്. അനധികൃത കൂട്ടിച്ചേർക്കലുകൾ, മാറ്റം വരുത്തൽ, വിപുലീകരണം, ഉപയോഗമാറ്റം എന്നിവ വരുത്തിയിട്ടുണ്ടോയെന്നറിയാനാണ് ഇപ്രകാരം പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തേണ്ടത്. പ്രസ്തുത ചട്ടത്തിൽ ഒഴിവാക്കിയിട്ടുള്ള (രണ്ട് നിലവരെയുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾ, 50 എം സ്ക്വയർ വരെയുള്ള കൊമേഴ്സ്യൽ കെട്ടിടങ്ങൾ മുതലായവ) കെട്ടിടങ്ങൾ ഒഴികെയുള്ള കെട്ടിടങ്ങളിന്മേൽ ഒക്കുപ്പൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിൽ ഒരിക്കലെങ്കിലും പോസ്റ്റ് ഒക്കുപ്പൻസി ഓഡിറ്റ് നടത്തണം

2) 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ആയത് ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

3) പഞ്ചായത്തിൽ തനത് ഫണ്ട്, കൂടുതൽ പലിശ വരവ് ലഭിക്കുന്ന തരത്തിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തി പലിശയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. തനത് ഫണ്ട് അക്കൗണ്ടിൽ ലഭിക്കുന്ന തുകകൾ ഒരു നിശ്ചിത ഇടവേളകളിൽ ടി അക്കൗണ്ടിലേക്ക് മാറ്റാവുന്നതാണ്. ഈ റിപ്പോർട്ടിൽ ഖണ്ഡിക നമ്പർ 1-11-1 ൽ ഇതിന്റെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.

4) വാടക കെട്ടിടങ്ങൾ, പാർക്ക്, ലീസ് ഓഫ് ലാന്റ് (ചാൽ) ഉൾപ്പെടുന്ന ആസ്തികൾ പഞ്ചായത്തിന് സ്വന്തമായിട്ടുണ്ട്. തനത് ഫണ്ട് സമാഹരണത്തിന്റെ ഭാഗമായി പ്രധാന സ്ഥലങ്ങൾ, കെട്ടിടങ്ങൾ എന്നിവ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിലൂടെ ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രത കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആസ്തികൾ, ചാലുകളുടെ ലേലം, കരാറിന്റെ സമയോചിതമായ പുതുക്കൽ അല്ലെങ്കിൽ വാർഷിക വർദ്ധനവ് സംവിധാനം നടപ്പിലാക്കാൻ ശുപാർശ ചെയ്യുന്നു.

ജനാധിപത്യ സമൂഹത്തിന്റെ വികസനപ്രക്രിയ എന്നത് ഒരു സംയോജിത പ്രവർത്തനമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സർവോപരി സാമാന്യ ജനസമൂഹവും ചേർന്നാണ് വികസന പ്രക്രിയയ്ക്ക് രൂപം കൊടുക്കുന്നത്. ഇത്തരം പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് തനത് വരുമാനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തത കൈവരിക്കുക എന്നത് അനിവാര്യമായതിനാൽ ഇത്തരം വരുമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ ഉതകുന്ന തരത്തിലുള്ള നടപടികൾ ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഊർജ്ജിതപ്പെടുത്താവുന്നതാണ്. ആയവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ ചർച്ചചെയ്യുകയും ചട്ടവിധേയമായി നൂതന ആശയങ്ങൾ നടപ്പിലാക്കാവുന്നതുമാണ്.

### 1-11-1 തനത് ഫണ്ട് പരിപാലനം

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നമ്പർ 57059709084 ൽ സൂക്ഷിക്കുന്നുണ്ട്. ഇതിൽ 2022-23 സാമ്പത്തിക വർഷാരംഭത്തിൽ ₹1,22,40,884.15 യും വർഷാവസാനം ₹1,92,46,992.15 യും ക്രെഡിറ്റ് ബാലൻസ് ഉണ്ട്. ഇതിന് നിലവിൽ ലഭ്യമാകുന്നത് സേവിംഗ്സ് ബാങ്ക് നിക്ഷേപങ്ങൾക്ക് ബാധകമായ 2.7% നിരക്കിലുള്ള തുച്ഛമായ പലിശയാണ്. ടി നിക്ഷേപം, ബാങ്കുകളിൽ നിലവിലുള്ള "Auto Sweep" ( The Auto Sweep Facility Is A Combination Of Savings Account And Fixed Deposit Account) സംവിധാനത്തിലേക്ക് മാറ്റിയാൽ 6.75% നിരക്കിൽ (Fixed Deposit) പലിശ ലഭ്യമാകുന്നതാണ്. ഇത്തരത്തിൽ ചെയ്യാത്തതുകൊണ്ട് ഗ്രാമപഞ്ചായത്തിന് വർഷം തോറും നഷ്ടമായിക്കൊണ്ടിരിക്കുന്ന തുകയുടെ ഏകദേശ കണക്ക് താഴെ ചേർക്കും പ്രകാരം ഉൾപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നം. 1/20.09.23)

| നിക്ഷേപം (ശരാശരി) | 2.7% നിരക്കിൽ ലഭ്യമാകുന്ന പലിശ (₹) | 6.75% നിരക്കിൽ ലഭ്യമാകുന്ന പലിശ (₹) | വ്യത്യാസം (₹) |
|---|---|---|---|
| 1.5കോടി | 4,05,000/- | 10,12,500/- | 6,07,500/- |

തനത് ഫണ്ട്, ഇത്തരത്തിൽ കൂടുതൽ പലിശ വരവ് ലഭിക്കുന്ന രീതിയിൽ ഓട്ടോ സ്വീപ്പ് അക്കൗണ്ടിലേക്ക് മാറ്റുന്നതിന്റെ സാദ്ധ്യത പ്രയോജനപ്പെടുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയിരിക്കുന്ന മറുപടിയിൽ, ഇതു സംബന്ധിച്ച് സർക്കാർ ഉത്തരവ് ലഭ്യമാക്കിയിട്ടില്ലാത്തതിനാലാണ് ഇത്തരത്തിൽ "ഓട്ടോ സ്വീപ്പ്" സംവിധാനത്തിലേക്ക് അക്കൗണ്ട് മാറ്റാത്തത് എന്നാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ ഓട്ടോ സ്വീപ്പ് സംവിധാനത്തിലേക്ക് മാറ്റുന്നതിന് താലപര്യമില്ലാത്തപക്ഷം താൽക്കാലിക ചെലവുകൾക്കായുള്ള ഒരു നിശ്ചിത തുക സേവിംഗ്സ് അക്കൗണ്ടിൽ നിലനിർത്തി ബാക്കി തുക ഗ്രാമപഞ്ചായത്തിന്റെ സ്ഥിരനിക്ഷേപമാക്കി മാറ്റുന്നത് ഉചിതമായിരിക്കും. പഞ്ചായത്ത് കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

### 1-12 വസ്തുനികുതി - അപാകതകൾ പരിഹരിക്കേണ്ടതാണ്

വസ്തുനികുതി നിർണ്ണയത്തിനായി തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്യുന്നു - കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് ₹45/- നിരക്കിലും 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് ₹60/- രൂപ നിരക്കിലും ആണ് വസ്തുനികുതി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിലുള്ള, 3 കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടം എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിവരുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/21.09.23) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | Owner Address | തറ വിസ്തൃർണ്ണം ( ച.മീ.) | മറുപടി |
|---|---|---|---|---|
| 1 | 2/254/A | E V Raphel Edakkatt | 150 | നികുതി പുനർനിർണ്ണയിച്ച് അപാകത |

| | | | | |
|---|---|---|---|---|
| | | | | പരിഹരിക്കുന്നതാണ്. |
| 2 | 4/499/a | Iby, Chakyamuri | 187.22 | " |
| 3 | 6/148/ | Jacob Lawrance, Kochery | 134 | " |

മേൽ കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അപാകത പരിഹരിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-12 -1 ARV കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നതിന്റെ വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തേണ്ടതാണ്

A. വസ്തു നികുതി നിർണ്ണയത്തിനായി തെറ്റായ വിസ്തീർണ്ണം സെലക്റ്റ് ചെയ്തുകൊണ്ടാണ് നികുതിയിളവ് നൽകിയിരിക്കുന്നത് – കുമ്പളങ്ങി ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് ₹45/- രൂപ നിരക്കിലും 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് ₹60/- രൂപ നിരക്കിലും ആണ് വസ്തുനികുതി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിലുള്ള, 3 കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടം എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിവരുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 3/21.09.23) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | Owner Address | തറ വിസ്തീർണ്ണം ( ച.മീ.) | മറുപടി |
|---|---|---|---|---|
| 1 | 4/313/ | Sajeesh K J , Kuruppassery | 166 | ARV കെട്ടിടം ( സ ഉ. 144/15 / 27.04,2015 നികുതി വർദ്ധനവ് 100% അധികരിക്കാൻ പാടില്ല. |
| 2 | 15/286/ | Alice Xavier , Attipetty | 115.6 | " |
| 3 | 17/412/ | Dominic Xavio And Vijay John , Kannikkal And Vallomparambil | 305 | " |

ARV കെട്ടിടങ്ങൾ ആയതിനാൽ സർക്കാർ ഉത്തരവ് പ്രകാരം നികുതി വർദ്ധനവ് 100% അധികരിക്കാവൻ പാടില്ല എന്നാണ് മറുപടിയിൽ അറിയിച്ചിരിക്കുന്നത്. എന്നാൽ ARV (Annual Rental Value) കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്ന എങ്കിൽ ആയതിന്റെ വിവരങ്ങൾ സഞ്ചയ രേഖപ്പെടുത്തലുകളിൽ വ്യക്തമാക്കേണ്ടതാണ്. മേൽപറഞ്ഞിരിക്കുന്ന ARV കെട്ടിടങ്ങൾക്ക് വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. താഴെ ചേർത്തിരിക്കുന്ന മാതൃകയിലാണ് സഞ്ചയസോഫ്റ്റ്‌വെയർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്.

| വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി | |
|---|---|
| (എ) നിലവിലുള്ള നികുതി (തുക) | XX |
| (ബി) വസ്തുനികുതി വർദ്ധനവ് (തുക) | 0 |
| (സി) വർദ്ധനവ്(%) | 0 |
| (ഡി) ഉയർന്ന പരിമിതി (തുക) | 0 |
| (ഇ) താഴ്ന്ന പരിമിതി (തുക) | 0 |

ആയതിനാൽ ശരിയായ നികുതി നിരക്ക് സെലക്റ്റ് ചെയ്ത്, മേൽ വിവരങ്ങൾ (Data) രേഖപ്പെടുത്തിക്കൊണ്ട് ചട്ടപ്രകാരമുള്ള ഇളവുകൾ അർഹതയുള്ളവർക്ക് നൽകാമെന്നിരിക്കെ ഇത്തരത്തിൽ തെറ്റായ നികുതി നിരക്ക് സെലക്റ്റ് ചെയ്തിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വാണിജ്യാവശ്യത്തിനുള്ള, നിലവിലുണ്ടായിരുന്ന മേൽ 3 കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഘടനാപരമായ മാറ്റം വന്നിട്ടുള്ളവയ്ക്ക് ആയത് പ്രകാരം വസ്തുനികുതി പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു.

B. 01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ, {സ.ഉ. (പി.) നം. 25/2023/dtd. 05.04.2023ത.സ്വ.ഭ.വ.} കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിൽ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശിപാർശയോടെ ഭരണസമിതി അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും നിലവിലെ അവസ്ഥയും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 20.04.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം മേൽ സർക്കാർ ഉത്തരവനുസരിച്ചുള്ള നടപടികൾ പഞ്ചായത്ത് കമ്മിറ്റിയുടെ 03.08.2023 ലെ 16(1) നമ്പർ തീരുമാനം പ്രകാരം അന്തിമ വിജ്ഞാപനം നടത്തി 2 ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും

കെട്ടിടങ്ങളുടെ ഫീൽഡ് പരിശോധന നടത്തുന്നതിനായി ഉത്തരവിറക്കിയിട്ടുള്ളതും എന്നാൽ യോഗ്യതയുള്ളവരെ ലഭിക്കാത്തതിനാൽ ഫീൽഡ് പരിശോധന ആരംഭിച്ചിട്ടില്ലാത്തതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്.
മേൽപ്പടി കാര്യങ്ങൾ വിശകലനം ചെയ്യുകയും എത്രയും വേഗം ഫീൽഡ് പരിശോധന നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-13 വാടക - കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക ധനകാര്യ പത്രിക (ബാലൻസ് ഷീറ്റ് - B-15) പ്രകാരം താഴെ ചേർക്കുന്ന തുകകൾ കിട്ടാനുള്ളതായി കാണുന്നു. ഇവ ഈടാക്കുന്നതിനു തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10/23.09.23) മറുപടി ലഭ്യമാക്കിയില്ല.

| ക്രമ നം | Code | Head | Amount | റിമാർക്സ് |
|---|---|---|---|---|
| 1 | 431400102 | Rent Receivable From Buildings (Arrears) | 52,304.00 | ടി തുകയുടെ ഇനവിവരം ലഭ്യമാക്കേണ്ടതാണ്. തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു. |
| 2 | 431400104 | Rent Receivable From Lease Of Lands (Arrears) | 87,504.00 | ” |
| 3 | 431100103 | Receivables For Property Tax On Non – Residential Buildings ( Current) | 90,676.00 | തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ താല്പര്യപ്പെടുന്നു. |
| 4 | 431100104 | Receivables For Property Tax On Non – Residential Buildings ( Current) | 1,51,338.00 | ” |

മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ - സർക്കാർ സർക്കുലർ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നില്ല

കുമ്പളങ്ങി ഗ്രാമ പഞ്ചായത്തിന്റെ മരണ രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ 173 പേരുടെ മരണ വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ മരണപ്പെട്ട വ്യക്തികളുടെ ആധാർ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ, സാമൂഹ്യ സുരക്ഷാപെൻഷണർമാർ ഇവയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നതും, ഉണ്ടെങ്കിൽ അവരുടെ പെൻഷനുകൾ യഥാസമയം സസ്പെന്റ് ചെയ്യപ്പെടുന്നുണ്ടോ എന്ന വിവരവും ഓഡിറ്റിന് പരിശോധിക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ 2022-23 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്യപ്പെട്ട മേൽ 173 മരണവിവരങ്ങൾ പ്രകാരം വിവിധ സാമൂഹ്യ സുരക്ഷാപെൻഷണർമാർ (വാർദ്ധക്യകാല, വിധവ, കർഷകത്തൊഴിലാളി Etc.) ഉണ്ടായിരുന്നോ എന്നും ആയവയിൽ സ്വീകരിച്ച സസ്പെൻഷൻ വിവരങ്ങളും ഇനം തിരിച്ച് ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 2/ 21.09.2023) നൽകിയിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ 2022-23 സാമ്പത്തിക വർഷം രജിസ്റ്റർ ചെയ്ത മരണറിപ്പോർട്ടുകളിൽ ആധാർ കാർഡ് ലഭ്യമായ വ്യക്തികളുടെ പെൻഷൻ റദ്ദ് ചെയ്തിട്ടുള്ളതാണെന്നും സഹകരണ ബാങ്കുകൾ Deceased Status രേഖപ്പെടുത്തിയവയും സസ്പെന്റ് ചെയ്തതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ദേശസാൽകൃത ബാങ്കുകൾ ഇത്തരത്തിൽ Deceased Status രേഖപ്പെടുത്താത്തതിനാൽ അതുവഴി വിതരണം നടത്തുന്ന പെൻഷനുകളുടെ നിജസ്ഥിതി ഏതുവിധത്തിലാണ് ബോധ്യപ്പെടുന്നത് എന്നത് വ്യക്തമാക്കേണ്ടതാണ്. കൂടാതെ പെൻഷനുകൾ റദ്ദ് ചെയ്യപ്പെടുന്ന അവസരത്തിൽ, ഗുണഭോക്താവിന് കൈമാറാൻ സാധിക്കാതെയുള്ള തുകകൾ അക്കൗണ്ടിലുള്ള പക്ഷം ആയത് ഡി.ബി.റ്റി സെല്ലിലേക്ക് തിരിച്ചടവാക്കിയിട്ടുണ്ടോ എന്ന വിവരവും പരിശോധിക്കേണ്ടതാണ്.

സേവന പെൻഷൻ സൈറ്റിൽ നിന്ന് ഗുണഭോക്താക്കളുടെ ലിസ്റ്റെടുത്ത് വാർഡ് മെമ്പർമാർക്ക് നൽകിയിട്ടുള്ളതും ആയത് പ്രകാരം തുടർനപടി സ്വീകരിച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്( ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 21.03,2023 തീരു. 4). ഇത് ശ്ലാഘനീയവും വളരെ പ്രായോഗികമായ നടപടിയായും നിരീക്ഷിക്കപ്പെടുന്നതിനാൽ തുടർന്നും വാർഡ് മെമ്പർമാരുടെ സേവനം ഈ വിഷയത്തിൽ പ്രയോജനപ്പെടുത്തേണ്ടതാണ്.

മരണപ്പെടുന്നവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി

ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ സംബന്ധിച്ച സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 ലെ ക്രമ നം (1) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം പത്താം തീയതിക്ക് മുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച്, മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ, ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്. മേൽ സർക്കുലർ പ്രകാരം സ്വീകരിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിനായി ലഭ്യമാക്കിയതു പ്രകാരം വിവിധ തദ്ദേശ സ്ഥാപനങ്ങൾ, അതാത് പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം അറിയിച്ചുകൊണ്ട് നൽകിയ കത്തുകളുടെ പകർപ്പുകൾ കാണുകയുണ്ടായി. എന്നാൽ പലതിലും പെൻഷനുകൾ റദ്ദുചെയ്യപ്പെടാതെ ആക്ടീവായി തുടരുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കത്ത് നം. തീയതി | ഗുണഭോക്താവിന്റെ പേര് , മരണപ്പെട്ട തീയതി | പെൻഷൻ, ID, സ്റ്റാററസ് | പെൻഷൻ നൽകുന്ന തദ്ദേശ സ്ഥാപനം |
|---|---|---|---|---|
| 1 | ജി-4640/21/ 16.05.2023 | വത്സല വാസൻ, 23.04.23 | വിധവ പെൻഷൻ (101690616335) ആക്ടീവ്, 5/23- 1600/- , 6/23- 1600/- തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | കൊച്ചി കോർപറേഷൻ |
| 2 | 400622/SADC01 /GPO/2022 /2283/(1)/ 24.08.2022 | കെ. എൻ. രവീന്ദ്രൻ, 11.07.22 | കർഷക തൊഴിലാളി പെൻഷൻ (106650100324), ആക്ടീവ് - 1/23 To 6/23 – 1600 X 6 = 9600/- തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | ചെല്ലാനം ഗ്രാമ പഞ്ചായത്ത് |
| 3 | ജെ.സി. 3-4640/21 /25.08.23 | ശ്രീ. സി.പി. ശിവറാം | വാർദ്ധക്യകാല പെൻഷൻ - ആക്ടീവ്. | കൊച്ചി കോർപറേഷൻ |

സർക്കുലർ നമ്പർ 63/2021/ധന.തീയതി 02.08.2021 പ്രകാരം കത്തയച്ചിട്ടും തുടർനടപടി സ്വീകരിക്കാതെ പെൻഷൻ ആക്ടീവായി തുടരുന്നതിനാൽ തുടർന്നും വിതരണത്തിനായി തുകകൾ ബാങ്കിനു കൈമാറിക്കൊണ്ടിരിക്കുകയാണ്. തദ്ദേശ സ്ഥാപനത്തിൽ മരണവിവരം രജിസ്റ്റർ ചെയ്യുന്നതോടൊപ്പം തന്നെ പെൻഷൻ റദ്ദാക്കപ്പെടുന്ന രീതിയിൽ സോഫ്റ്റ്‌വെയർ ക്രമീകരിച്ചാൽ ഈ അപാകതകൾ ഒഴിവാക്കാവുന്നതാണെന്ന വിഷയവും സർക്കാരിനെ അറിയിക്കേണ്ടതാണ്. മേൽ ഗുണഭോക്താക്കളുടെ അനർഹമായ കാലയളവിലെ തുക/ഗുണഭോക്താവിന് കൈമാറാൻ സാധിക്കാത്തതായിട്ടുള്ള, നാളിതുവരെയുള്ള തുക എന്നിവ സംബന്ധിച്ച തുടർവിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

### 1-15 ലേലം തുകകൾ - അക്കൗണ്ട് ചെയ്തിരിക്കുന്നതിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക (ബാലൻസ് ഷീറ്റ് - B-15) പ്രകാരം താഴെ ചേർക്കുന്ന തുകകൾ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/23.09.23) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | Code | Head | Amount (₹) |
|---|---|---|---|
| 1 | 431400104 | Rent Receivable From Lease Of Lands (Arrears) | 1,47,520.00 |
| 2 | 431100103 | Rent Receivable From Lease Of Lands (Current) | 1,33,333.00 |
| | | ആകെ | 2,80,853.00 |

താഴെ ചേർക്കുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

എ) 2022-23 വാർഷിക ധനകാര്യ പത്രിക (ബാലൻസ് ഷീറ്റ് - B-15) പ്രകാരമുള്ള ഈ ഇനത്തിലെ അരിയർ തുകയായി ₹87,504/- മാത്രമാണ് ചേർത്തിട്ടുള്ളത്. ലെഡ്ജർ പ്രകാരം ഓപ്പണിംഗ് ബാലൻസ് ₹1,47,520.00, വരവ് ₹60,016/-. കിട്ടാനുണ്ടായിരുന്ന ആകെ തുകയായ ₹2,80,853/- ഓപ്പണിംഗ് ബാലൻസായി, ചേർക്കാതിരുന്നതിന് കാരണം രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയിരിക്കുന്ന മറുപടി പ്രകാരം കുമ്പളങ്ങി പാർക്ക് ലേലം ഇനത്തിൽ രണ്ടാം ഗഡുവായ ₹1,33,333/- 2022 ഏപ്രിൽ 30 നകം

ലഭിക്കേണ്ടിയിരുന്നതാണ്. ടി തുക (₹1,33,333/-) 2021-22 വർഷത്തെ അരിയർ തുകയായി ധനകാര്യപത്രികയിൽ തെറ്റായി രേഖപ്പെടുത്തിയതിനാലാണ് ₹1,33,333/- 2022-23 വാർഷിക ധനകാര്യ പത്രികയിലെ ഓപ്പണിംഗ് അരിയറിൽ നിന്ന് കുറവ് ചെയ്ത് ചേർത്തിരിക്കുന്നത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടി ഓഡിറ്റ് പരിശോധിച്ച് ബോധ്യപ്പെട്ടു. ഇപ്രകാരം തെറ്റ് സംഭവിക്കുന്ന വിഷയങ്ങളിൽ ആയത് പഞ്ചായത്ത് കമ്മിറ്റിയെ ബോധ്യപ്പെടുത്തി ഉചിതമായ കമ്മിറ്റി തീരുമാനത്തോടെ തിരുത്തലുകൾ ചേർക്കുവാനും ആയതു സംബന്ധിച്ച കുറിപ്പുകൾ ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

ബി) 2022-23 വാർഷിക ധനകാര്യ പത്രിക (റസീപ്റ്റ് & പേയ്മെന്റ് - RP-11 ) പ്രകാരം (Code- 190200102) Rent From Lease Of Land (Prior Period Income) വരവ് ₹13,60,667/-. ഈ തുക മുൻവർഷത്തെ (ബാലൻസ് ഷീറ്റ് - B-15) അരിയർ തുകയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് ചെല്ലാനം ഗ്രാമപഞ്ചായത്തിൽ നിന്നും പരുത്തിത്തോട് ചാൽ ലേലം വകയിൽ മുൻവർഷം ലഭിക്കാനുണ്ടായിരുന്ന തുകയാണ് എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ടി ചാലിന്റെ ലേലത്തുകയിൽ മൂന്നിലൊന്ന് ഭാഗം കുമ്പളങ്ങി പഞ്ചായത്തിന് അർഹതപ്പെട്ടതാണെങ്കിലും ലേലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടക്കുന്നത് ചെല്ലാനം ഗ്രാമപഞ്ചായത്തിലായതിനാൽ ഡിമാന്റും ബാലൻസും മുൻകൂട്ടി നിശ്ചയിക്കാൻ കഴിയുന്നില്ല എന്നും അറിയിച്ചിട്ടുണ്ട്.
പ്രസ്തുത ചാലിന്റെ ലേലത്തുകയിൽ മൂന്നിലൊന്ന് ഭാഗം കുമ്പളങ്ങി പഞ്ചായത്തിന് അർഹതപ്പെട്ടതായതിനാൽ, വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന അവസരത്തിൽ ചെല്ലാനം ഗ്രാമപഞ്ചായത്തിൽ നിന്നും ഇതുസംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് ഉൾപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ആംബുലൻസ് മെയിന്റനൻസ് -വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചു

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം | 0051/23 | | |
| പ്രോജക്റ്റിന്റെ പേര് | ആർദ്രം – കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് ആംബുലൻസ് പരിചരണം | | |
| അടങ്കൽ ,ഫണ്ട് | ₹99848/-, വികസന ഫണ്ട് (പൊതുവിഭാഗം) | | |
| ചെലവ് വിവരം | ബിൽ നം. | തീയതി | തുക |
| | 22111252009500521853 | 12.09.22 | ₹43427 |
| | 22111252009500739023 | 05.11.22 | ₹21275 |
| | 22111252009500779194 | 16.11.22 | ₹9000 |
| | 22111252009500779201 | 16.11.22 | ₹13180 |
| | 22111252009500857191 | 03.12.22 | ₹12966 |
| | ആകെ | | ₹99848, |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | | |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 29.10.2015 ലെ സർക്കാർ ഉത്തരവ് നം (സാധാ) 3217/2015ലെ പാലിയേറ്റീവ് പരിചരണപ്രവർത്തന മാർഗ്ഗരേഖയിലെ ഖണ്ഡിക 2.6.5പ്രകാരം പാലിയേറ്റിവ് കെയറിനു വേണ്ടിയോ ആംബുലൻസ് സർവ്വീസിനു വേണ്ടിയോ തദ്ദേശ സ്വയംഭരണ സ്ഥാപനം വാങ്ങിയിട്ടുള്ളതോ, ഈ ആവശ്യങ്ങൾക്കായി സൗജന്യമായി ലഭിച്ചിട്ടുള്ളതോ ആയ വാഹനത്തിന്റെ വിവരം സ്റ്റോക്ക് രജിസ്റ്ററിലും ചേർത്തതിന് ശേഷം മുടക്കം വരാത്ത രീതിയിൽ ആംബുലൻസ് സർവ്വീസിന് ഉപയോഗിക്കുന്നതിനായി മെഡിക്കൽ ഓഫീസർ കൺവീനറായുള്ള എച്ച്.എം.സിക്ക് രേഖാമൂലം കൈമാറേണ്ടതാണ്. തുടർന്ന് വാഹനത്തിന്റെ കസ്റ്റോഡിയൻ മെഡിക്കൽ ഓഫീസറായി വാഹനം ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും വാഹനത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം മെഡിക്കൽ ഓഫീസർക്കായിരിക്കുമെന്നും വാഹനത്തിന്റെ ഡ്രൈവറുടെ വേതനം, മറ്റ് ചെലവുകൾ എച്ച്.എം.സി. ഫണ്ടിൽ നിന്നും വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്.

എന്നാൽ പ്രോജക്റ്റ് പരിശോധിച്ചതിൽ ആംബുലൻസിന്റെ ഡീസൽ, ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി മേൽ പ്രോജക്റ്റ് പ്രകാരം ₹99848/- ചെലവഴിച്ചിട്ടുണ്ട്. ഉത്തരവിന് വിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചതിന് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 25.09.2023 ൽ നല്കിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ബഹുമാനപ്പെട്ട എറണാകുളം എം.പി.യുടെ ആസ്തി വികസനഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന് അനുവദിച്ച ആംബുലൻസാണെന്നും കുമ്പളങ്ങി സി.എച്ച്.സിയുടെ എച്ച്.എം.സി. ഫണ്ടിൽ ഈ ആംബുലൻസ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ഫണ്ടില്ലാത്തതിനാൽ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 01.06.2021ലെ 1(1)തീരുമാനപ്രകാരം ആംബുലൻസിന്റെ പരിപാലനം, ഇന്ധനച്ചെലവ്, ഡ്രൈവറുടെ വേതനം എന്നിവ ഗ്രാമപഞ്ചായത്ത് വഹിക്കുന്നതാണെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സി.എച്ച്.സി കുമ്പളങ്ങി ആംബുലൻസ് ഏറ്റെടുത്ത് നടത്തുന്നതെന്ന് മറുപടി ലഭ്യമാക്കി. എന്നാൽ മേൽ ചെലവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നല്ല നടത്തിയിട്ടുള്ളത്. വികസനഫണ്ടിൽ (പൊതുവിഭാഗം) നിന്നാണ്. ഇത് ക്രമവിരുദ്ധമാണ്. ആയതിനാൽ തുടർച്ചെലവ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

## 1-17 നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല

മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനായി ഗ്രാമപഞ്ചായത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള ജല അതോറിറ്റി എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ തുക നൽകി വരുന്നു. എന്നാൽ സമയബന്ധിതമായി പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സഹിതം ധനവിനിയോഗ സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നില്ല. നിക്ഷേപ പ്രവൃത്തികൾക്കായി തുക മുൻകൂർ നൽകുമ്പോൾ നിർവ്വഹണ ഏജൻസിയുമായി

പഞ്ചായത്ത് കരാറിൽ ഏർപ്പെടുന്നില്ല. ഇപ്രകാരം നിക്ഷേപിച്ചിട്ടുള്ള തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുകകളുടെയും വിവരം ചുവടെ ചേർക്കുന്നു.

എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500202 | ₹204069/- | ₹556037/- | ₹0 | ₹760106/- |

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 0 | 0 | 0 | ₹204069 | തുക നല്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല. | ₹204069 |
| 22-23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ(പ്രോ.നം. എസ്.0158/23) | 42200837/13.02.23 | ₹214479 | - | ₹214479 |
| | | 42200874/ 28.02.23 | ₹66983 | - | ₹66983 |
| 22-23 | തെരുവ് വിളക്ക് നീട്ടൽ(പ്രോ.നം. എസ്.0039/23) | 42201060/31.03.23 | ₹75400 | - | ₹75400 |
| 22-23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.0030/23) | 42201060/31.03.2023 | ₹161638 | - | ₹161638 |
| 22-23 | തെരുവ് വിളക്ക് ലൈൻ നീട്ടൽ (പ്രോ.നം. എസ്.0069/23) | 42201420/31.03.2023 | ₹37537 | | ₹37537 |
| ഒട്ടാകെ | | | ₹760106 | - | ₹760106 |

ബി) കേരള ജലഅതോറിറ്റി

| ഹെഡ് കോഡ് | വർഷാരംഭത്തിൽ ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|
| 460500201 | ₹6907600 | 0 | ₹4772578 | ₹2135022 |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ |
|---|---|---|---|---|---|

| | | ചെക്ക് നമ്പർ | തുക | | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 21-22 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രോജ.നം.126/22 | 22100923/ 30.03.2022 | ₹2036000 | 0 | ₹2036000 |
| | ഉപയോഗപ്രദമല്ലാത്ത പൊതു ടാപ്പുകൾ വിച്ഛേദിക്കൽ -തുക നല്കൽ പ്രോജ.നം.185/22 | 22101156/ 09.02.22 | ₹99022 | 0 | ₹99022 |
| ഒട്ടാകെ | | | | | ₹2135022 |

ഇറിഗേഷൻ വകുപ്പ്

| ഹെഡ് കോഡ് | വർഷാരം ഭത്തിൽ ക്രമീകരി ക്കുവാൻ ബാക്കി നിൽക്കുന്ന തുക | ഓഡിറ്റ് വർഷത്തിൽ നിക്ഷേപിച്ച തുക | ധനവിനിയോഗ സാക്ഷ്യപത്ര ത്തിന്റെ അടിസ്ഥാന ത്തിൽ ക്രമീകരിച്ച തുക | വർഷാവസാനം ക്രമീകരിക്കുവാൻ ബാക്കി നിൽക്കുന്നതുക |
|---|---|---|---|---|
| 460500205 | ₹300000 | ₹250000 | 0 | ₹550000 |

നിക്ഷേപ പ്രവൃത്തികളുടെ വിശദവിവരം.

| വർഷം | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 20-21 | ചാലാവീട്ടിൽ സ്ലൂയിസ് & ഷട്ടർ നിർമ്മാണം ,പ്രോ.171/21 | 42000212 / തീ12.04.20 | ₹88610 | 0 | ₹88610 |
| 20-21 | ചാലാവീട്ടിൽ സ്ലൂയിസ് & ഷട്ടർ നിർമ്മാണംപ്രോ.81/22 | 42000213/ തീ10.08.20 | ₹211390 | 0 | ₹211390 |
| 22-23 | ചാലാവീട്ടിൽ സ്ലൂയിസ് & ഷട്ടർനിർമ്മാണം പ്രോ.246/23 | 42100008 / തീ20.12.22 | ₹250000 | | ₹250000 |
| ഒട്ടാകെ | | | | | ₹550000 |

1-18 അസാധുവായ ചെക്കുകളിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിലെ 320800101 ഹെഡിൽ Liability In Respect Of Stale Cheques ഇനത്തിൽ ഉൾപ്പെടുന്ന ₹102486/-യുടെ ലെഡ്ജർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും വിധം അസാധുവായ ചെക്കുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനായി അവശേഷിക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നം | തീയതി | തുക |
|---|---|---|
| 118010900028 | 28.07.2018 | ₹44655 |
| 118010900097 | 21.03.2019 | ₹35791 |
| ആകെ | | ₹ 80446 |

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്ന് നല്കിയ ചെക്കുകൾ അസാധുവായാൽ മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത

ചെക്കുകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്നും, 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ബി-4 ലെ 320800101 ഹെഡിൽ ഗുണഭോക്തൃവിഹിതമായി ₹167718/- നല്കുവാൻ അവശേഷിക്കുന്നതായി കാണുന്നത് സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് കൊണ്ട് 23.05.2023 ൽ നല്കിയ 5-ാം ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അസാധുവായ ചെക്കുകളിലെ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും, വാർഷിക ധനകാര്യപത്രികയിൽ ബി-4 ലെ 320800101 ഹെഡിൽ ഗുണഭോക്തൃവിഹിതമായി ₹167718/- നല്കുവാൻ അവശേഷിക്കുന്നത് യഥാർത്ഥ ഗുണഭോക്താവിനെ കണ്ടെത്തി കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരികെ നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-19 തെങ്ങിലെ കീടരോഗനിയന്ത്രണ പദ്ധതി-അപാകങ്ങൾ

| | | | |
|---|---|---|---|
| പ്രോജക്ട് നം. | 124/23 | | |
| പ്രോജക്ടിന്റെ പേര് | തെങ്ങിലെ കീടരോഗനിയന്ത്രണം | | |
| അടങ്കൽ ,ഫണ്ട് | ₹174540/- വികസന ഫണ്ട് (പൊതുവിഭാഗം)<br>₹145450/- ഗുണഭോക്തൃവിഹിതം<br>(നേരിട്ട് ചെലവഴിക്കുന്നത്)<br>ആകെ ചെലവ് ₹319990/- | | |
| ചെലവ് | ബിൽ നം | തീയതി | ചെക്ക് |
| | 22111252010400267113 | 04.07.22 | ₹174540/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | | |

ഒരു തെങ്ങിന് സബ്സിഡിയിനത്തിൽ പദ്ധതി വിഹിതമായി ₹60/- യും ഗുണഭോക്തൃവിഹിതമായി ഒരു തെങ്ങിന് ₹50/-യും (ആകെ ₹110/- രൂപ) നല്കി ഗ്രാമ പഞ്ചായത്തിലെ 7, 11, 12, 13, 14, 15 എന്നീ വാർഡുകളിലെ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി പാകമായ തേങ്ങകൾ വിളവെടുക്കുകയും തെങ്ങുകൾക്ക് അസുഖം വരാതിരിക്കുവാൻ മരുന്ന് തളിച്ച് ആരോഗ്യത്തോടെ സംരക്ഷിക്കുകയും ചെയ്യുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. മേൽ പ്രോജക്ട് പ്രകാരം 2909 തെങ്ങുകളുടെ മണ്ട വൃത്തിയാക്കിയതിന് സ്ഥാപനം നല്കിയ 19.03.2022 ലെ 289/2022-23 ഇൻവോയ്സ് പ്രകാരം ₹319990/- നല്കിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതി സ്പിൽ ഓവർ പദ്ധതിയായിട്ടാണ് 2022-23 വർഷം പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ കാണുന്നു.

1) പഞ്ചായത്തീരാജ്, നഗരപാലിക സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ജനകീയാസൂത്രണ പദ്ധതികൾക്കായി 14.02.2018 ൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ ക്രമനം 6.1 (കൃഷി) 15 ൽ "പ്രദേശത്ത് കൃഷിയെ ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി കൃഷി ഭവൻ തലത്തിലെ കർഷകസമിതികൾ മുഖാന്തരം നടപ്പിലാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്,തൊടുപുഴ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ തിരഞ്ഞെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടരോഗ ബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട് മേൽ ഉദ്യോഗസ്ഥൻ അംഗീകരിക്കണമെന്നും സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ മേൽ ഉദ്യോഗസ്ഥന്റെ അംഗീകാരം സംബന്ധിച്ച റിപ്പോർട്ടും ഓഡിറ്റിനായി ലഭ്യമാക്കണമെന്നും, KAICO Ltd തൊടുപുഴ ഈ പ്രവൃത്തി ഫലപ്രദമായി ചെയ്തിട്ടുണ്ടെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്നും, KAICO Ltd മായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതിന്റെ രേഖ ഫയലിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും, യൂണിറ്റ് കോസ്റ്റ് ₹110/- യായി ഗ്രാമ പഞ്ചായത്ത് കമ്മറ്റി നിർണ്ണയിച്ചതിന്റെ തീരുമാന നമ്പർ, തീയതി എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും, KAICO Ltd തൊടുപുഴ ഈ പ്രവൃത്തി ചെയ്തതിന് ഗുണഭോക്താക്കളിൽ നിന്ന് ഗുണഭോക്തൃവിഹിതം കൈപ്പറ്റിയതിന് രസീത് നല്കിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും, നിർവ്വഹണ ഏജൻസിയോ കൃഷി ഓഫീസറോ (ലിസ്റ്റ് ആധികാരികമായി സാക്ഷ്യപ്പെടുത്തിയിട്ടില്ല) തയ്യാറാക്കി നല്കിയ പ്രവൃത്തി പൂർത്തിയാക്കിയ വാർഡുതല ലിസ്റ്റ് പരിശോധിച്ചതിൽ അന്തരമുള്ളതിന് വിശദീകരണം നല്കണമെന്നും ആവശ്യപ്പെട്ട് കൊണ്ട് 23.09.2023 ൽ നല്കിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഗുണഭോക്താക്കൾ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടവാക്കിയതിന്റെ രസീത് പരിശോധയ്ക്ക് മറുപടി ഹാജരാക്കുകയും, ഗ്രാമപഞ്ചായത്തിൽ കാർഷിക കർമ്മസേനകൾ പ്രവർത്തിക്കുന്നതില്ലാത്തതിനാലാണ് KAICO Ltd തൊടുപുഴ ഈ പ്രവൃത്തി ഏല്പിച്ചതെന്നും, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടരോഗ ബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട് മേൽ ഉദ്യോഗസ്ഥൻ അംഗീകരിച്ചതിന്റെ രേഖകളും മറുപടിയായി ലഭ്യമാക്കി.

എന്നാൽ KAICO Ltd തൊടുപുഴ ഈ പ്രവൃത്തി ഫലപ്രദമായി ചെയ്തിട്ടുണ്ടെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കണമെന്നും, KAICO Ltd മായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതിന്റെ രേഖ ഫയലിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നും, യൂണിറ്റ് കോസ്റ്റ് ₹110/- യായി ഗ്രാമപഞ്ചായത്ത് കമ്മറ്റി നിർണ്ണയിച്ചതിന്റെ തീരുമാന നമ്പർ, തീയതി എന്നിവ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണെന്നും ആവശ്യപ്പെട്ടതിന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഭാവിയിൽ ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ മേൽ സൂചിപ്പിട്ടുള്ള

അപാകങ്ങൾ വരുത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

ഐ.കെ.എം. -ന് പഞ്ചായത്ത് വിഹിതമായി നൽകിയ താഴെ പറയുന്ന തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | 155/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽനം., തിയ്യതി | 221112520002200650942/ 15.10.2022 |
| തുക | ₹66625/- |

തുക അടവാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹66625/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാകുന്നമുറക്ക് പരിശോധനയ്ക്ക് വിധേയമായി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 സ്വാഗത ബോർഡുകൾ സ്ഥാപിച്ചതിന്റെ ചെലവ് തുക വീണ്ടെടുത്തില്ല

സ്വച്ഛ് ഭാരത മിഷന്റെ ഒ.ഡി.എഫ്. പ്ലസ് ക്യാമ്പയിന്റെ ഭാഗമായി സ്വാഗത ബോർഡുകൾ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിരുന്നു. ആയതിന്റെ ചെലവായി, അജന്ത ഡിജിറ്റൽസ് പെരുമ്പാവൂർ എന്ന സ്ഥാപനത്തിന്റെ ഉടമയായ ശ്രീമതി.രഞ്ജിത രജിക്ക് ₹11655/- (ചെക്ക് നം 338915 തീ 11.05.22) തനത് ഫണ്ടിൽ നിന്ന് നല്കിയിട്ടുണ്ട്. ജില്ലാ ശുചിത്വ മിഷന്റെ 16.07.2019 ലെ 100/SBM(G)/IHHL/2019-ാം നമ്പർ ഉത്തരവ് പ്രകാരം Performance Based Incentives Grant ന്റെ 5% തുക ഐ.ഇ.സി പ്രവർത്തനങ്ങൾക്കായി പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ള പഞ്ചായത്തുകൾ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയാൽ സ്വാഗത ബോർഡുകൾ സ്ഥാപിച്ചതിന്റെ ബില്ലുകളും വൗച്ചറുകളും ഹാജരാക്കുന്ന മുറയ്ക്ക് ജില്ല ശുചിത്വ മിഷന്റെ ഐ.ഇ.സി. ഘടകത്തിൽ ഉൾപ്പെടുത്തി ഇതിന് ചെലവായ തുക അനുവദിക്കുന്നതാണെന്ന് പറയുന്നുണ്ട്. സ്വാഗത ബോർഡുകൾ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചതിന്റെ ചെലവായ ₹11655/- ഐ.ഇ.സി ഘടകത്തിൽ നിന്ന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 25.09.2023ൽ 15-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 മരാമത്തു പ്രവൃത്തികളിലെ ചില അപാകങ്ങൾ

1. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ(ജി.ഒ.(പി)13/2012/PWD/01.02.2012) 'ൽ വിവരിക്കുന്നതും സർക്കുലർ നമ്പർ DB1/1966/2021/CE/LID&EW തീയതി 04/08/2022 പ്രകാരം മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതിക അനുമതി നൽകുന്നതിന് മുമ്പായി ആവശ്യമായ മണ്ണ് പരിശോധന, ഡിസൈൻ എന്നിവ നടത്തി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് മാത്രം സാങ്കേതിക അനുമതി നൽകാം എന്ന് വിവരിക്കുന്നു.എന്നാൽ മരാമത്ത് പ്രവൃത്തി നടത്തിയ ചില ഫയലുകൾ പരിശോധിച്ചതിൽ സർക്കുലർ പ്രകാരമുള്ള പരിശോധനയോ ഇതു സംബന്ധമായ പേപ്പർ വർക്കുകളോ നടന്നതായി കാണുന്നില്ല.
ഉദാ.(a) Infrastructure Development Of Pakal Veedu In Ward 3(193/19-20)

(B) Renovation Of Mini Civil Station(222/23)

2. സർക്കുലർ നമ്പർ-ഡി.ബി./11474/2021/സി.ഇ./ത.സ്വ.ഭ.വ. തീയതി 06/12/2021 ൽ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട് എഞ്ചിനിയറിംഗ് വിഭാഗം ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. എന്നാൽ ഫയൽ പരിശോധനയിൽ മിക്ക ടെണ്ടറിലും സെലക്ഷൻ നോട്ടീസ് ഇഷ്യൂ ചെയ്തതായോ ആയതിന്റെ പകർപ്പ് സൂക്ഷിക്കുന്നതായോ ശ്രദ്ധയിൽ വന്നില്ല.

ഉദാ:(a) Illikkal Kshetharam Road Maintenenance Combined (233/21, 83/23)

(B) Kumbalangi Grama Panchayat Maintenance Of Kayar Society (166/22,89/23)

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി (12/25-09-23)ക്ക് മറുപടി ലഭിച്ചില്ല. ക്രമ നമ്പർ (1), (2) എന്നിവയിലെ വിഷയങ്ങളെക്കുറിച്ച് വിശദീകരണം നൽകേണ്ടതാണ്.

## 1-23 ജി.എസ്.ടി.-ടി.ഡി.എസ്. തുക ഉത്തരവത്തിൽ നിന്നും കുറവ് ചെയ്തില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉത്തരവത്തിൽ കുറവ് ചെയ്യണമെന്നിരിക്കെ 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തിയിൽ ഇപ്രകാരം 2% ജി.എസ്.റ്റി-റ്റി.ഡി.എസ് ആയി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | പ്രവൃത്തി | നിർവ്വഹണം | എം ബുക്ക് നമ്പർ | ആകെ പ്രവൃത്തി മൂല്യം | മെറ്റീരിയൽസിന്റെ വില | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ടിയിരുന്ന തുക GST 2% |
|---|---|---|---|---|---|---|
| 1 | വാർഡ് 8 കാട്ടികൊണാട്ട് ലിങ്ക് റോഡ് നിർമ്മാണം | ഗ്രാമ പഞ്ചായത്ത് | 82/22-23 | ₹470813/- | ₹367981/- | ₹7360/- |

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി (4/21-9-23) ക്ക് മെറ്റീരിയൽ എഫ്.ടി.ഒ.യുടെ തുകയ്ക്കുള്ള അലോട്ട്മെന്റ് അനുവദിക്കുന്ന മുറയ്ക്ക് ജി.എസ്.ടി. അടക്കുന്നതിനുള്ള കത്ത് വെണ്ടറിന് നൽകുന്നതാണെന്ന് മറുപടി നൽകി. ജി.എസ്.റ്റി. തുക സർക്കാരിലേക്ക് അടവാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-24 വൈദ്യുതി ലൈൻ നീട്ടൽ പദ്ധതിയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല

താഴെ പറയുന്ന തുകകൾ കെ.എസ്.ഇ.ബി-യുടെ അക്കൗണ്ടിലേക്ക് പഞ്ചായത്തിൽ നിന്നും നൽകിയിട്ടുണ്ട്. ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് പ്രകാരം അടവാക്കിയ തുകകളുടെയും ആയതിന്റെ വിനിയോഗ വിവരവും ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണം : സെക്രട്ടറി.

| ക്രമനം | പദ്ധതി നം | പദ്ധതിയുടെ വിശദാംശങ്ങൾ | അടങ്കൽ (₹) | ഡെപ്പൊസിറ്റ് ചെയ്ത തുക (₹) |
|---|---|---|---|---|
| 1 | 39/23 | ഇലക്ട്രിക്ക് ലൈൻ നീട്ടൽ നം XVFC/2022-23/P/23,6.12.2022 | 75400/- | 75400/- |
| 2 | 158/23 | ഇലക്ട്രിക്ക് ലൈൻ വലിക്കൽ. XVFC/2022-23/P/21, 6.12.2022 :19804/-XVFC/2022-23 /P/22,6.12.2022: 63979/- XVFC/2022-23/P/53,13.2.2023: 66983/-XVFC/2022-23 /P/30,16.1.2023: 43231 /-XVFC /2022-/P/71,23.2.2023: 76427/-XVFC/2022-23 /P/69,20.2.2023 : 11038/- | 297824/- | 281462/- |
| 3 | 30/23 | ഇലക്ട്രിക്ക് ലൈൻ നീട്ടൽ .XVFC/2022-23/P/13,17.8.2022 : 46888/-XVFC/2022-23 /P/70,23.2.2023 : 76114/-; XVFC/2022-23/P/15,28.10.2022 : 5430/-XVFC/2022-23 /P/92,30.3.2023: 33206/- | 170000/- | 161638/- |

എസ്റ്റിമേറ്റ് പ്രകാരമുള്ള മേൽ ക്രമ നം 1 - ലെ ₹ 75400/-,ക്രമ നം 2 -ലെ ₹ 66983/-,₹ 63979/-,₹ 76427/-, ക്രമ നം 3 -ലെ ₹ 46888/-,₹ 33206/- എന്നീ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ ചെലവ് വിവരങ്ങൾ ഇനം തിരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. എസ്റ്റിമേറ്റ് പ്രകാരം നടന്ന പ്രവൃത്തിയിൽ തുക അവശേഷിക്കുന്നുണ്ടെങ്കിൽ ആയത് ബന്ധപ്പെട്ട ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതുമാണ്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ₹3,62,883/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-25 ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്നുവാങ്ങൽ പദ്ധതി പൂർത്തിയായിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ(ഹോമിയോ) |
| പ്രോജക്ടിന്റെ നം/ വർഷം | 52/22-23 |
| അടങ്കൽ തുക / ഫണ്ട് | ₹4,50,000/- , മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| ചെലവ് തുക/ബിൽ നം, തീയതി | ₹4,50,000/-, 221112520098006 56009/തീയതി 17.10.2022 |

2022-23 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന വാങ്ങൽ പ്രൊജക്ടിനായി ഹോംകോയിലേക്ക് അടവാക്കിയ ₹450000/-യുടെ മരുന്നുകൾ മുഴുവനായി ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ ഇൻവോയ്സ് നം./തീയതി | ലഭ്യമായ മരുന്നിന്റെ വില |
|---|---|
| LF-898/08.08.2022 | 62291 |
| LF-229/09.06.2023 | 246642 |
| ആകെ | 308933 |

ഈയിനത്തിൽ ചെലവായ ₹1,41,067/-യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ ₹1,41,067/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കി തടസ്സം

ഒഴിവാക്കേണ്ടതാണ്.

### 1-26 വിവാഹ ധനസഹായ പദ്ധതി - അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | 171/23 |
| പ്രൊജക്ടിന്റെ പേര് | വിവാഹ ധനസഹായം (എസ്.സി) |
| അടങ്കൽ/ചെലവ് | ₹375000/- |
| ബിൽ നം, തിയ്യതി, തുക | (1) 200917276,16.12.2022: ₹125000/-<br>(2) 20107632, 21.1.2023: ₹125000/-<br>(3) 201514063, 28.3.2023: ₹125000/- |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി. |

മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന മൂന്ന് പേർക്കാണ് ധനസഹായം നൽകിയത്.

| ക്രമ നം | പേര് |
|---|---|
| 1 | കുമാരി.ആദിത്യ, D/o പ്രതാപൻ |
| 2 | കുമാരി.അനിമ, D/o അരവിന്ദൻ |
| 3 | കുമാരി.വൈഷ്ണവി, D/oസുശീല |

കുമാരി. വൈഷ്ണവി D/oസുശീല എന്ന ഗുണഭോക്താവിന് ₹1,25,000/-യാണ് നൽകിയത്. എന്നാൽ സർക്കാർ ഉത്തരവ് [സ.ഉ.(സാധാ) നം.2593/2022/LSGD തീയതി:26.10.2022] പ്രകാരം 15.10.2022 -ന് ശേഷമുള്ള വിവാഹങ്ങൾക്കാണ് ₹1,25,000/-യുടെ ധനസഹായത്തിന് അർഹതയുള്ളത്. മേൽപ്പറഞ്ഞ കുമാരി.വൈഷ്ണവിയുടെ വിവാഹം ഈ തീയതിക്ക് മുമ്പ് (29.08.22) നടന്നതിനാൽ ₹75,000/-യ്ക്കാണ് യഥാർത്ഥത്തിൽ അർഹതയുണ്ടായിരുന്നത്. അധികം തുക അനുവദിച്ചത് ക്രമ വിരുദ്ധമാണ്. വിശദ വിവരങ്ങൾ ഭാഗം 3 ലെ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-27 എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ട് നം | 173/23 |
| പ്രൊജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | ₹10,00,000/- |
| ചെലവ് | ₹10,00,000/- |
| ബിൽ നം, തിയ്യതി, തുക | 221112520092010802447/23.1.2023, ₹1000000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പ്രൊജക്ട് പ്രകാരം വിദ്യാർത്ഥികളുടെ പഠിക്കുന്ന കോഴ്സുകൾക്ക് അനുസരിച്ച് സർക്കാർ നിശ്ചയിച്ച നിരക്കാണ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകേണ്ടത്. സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ.(കൈ)നം.115/2022 /ത.സ്വ.ഭ.വ തീ. 28.5.2022) പ്ലസ് -2 കഴിഞ്ഞ് വിവിധ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികളുടെ കോഴ്സുകൾക്ക് അനുവദിനീയമായ സ്കോളർഷിപ്പ് നിരക്ക് ₹15000/-യാണ്. കുമാരി.അഥീന പഠിക്കുന്നത് പ്ലസ് -2 കോഴ്സിന് ശേഷം ചേരാവുന്ന രണ്ട് വർഷ ഡി.ഫാം കോഴ്സാണ്. (ഇത് പോളിടെക്നിക്ക്/ഐ.ടി.ഐ ഗണത്തിൽപ്പെടുന്ന ഡിപ്ലോമ കോഴ്സല്ല) എന്നാൽ കുമാരി. അഥീന കെ.എസ്, D/o സേതുനാഥ് -ന് ₹20,000/- രൂപ നൽകിയിട്ടുണ്ട്. വിശദ വിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-28 എ.ഐ.ടി.ഇ. വേതനം - വിനിയോഗവിവരം ലഭ്യമായിട്ടില്ല.

പ്രൊജക്ട് നം. 285/23

പ്രൊജക്ടിന്റെ പേര്. അക്കൗണ്ടന്റ് കം ഐ.ടി. എക്സ്പേർട്ടിന് വേതനം.

അടങ്കൽ/ചെലവ് : ₹30000/-(തനത് ഫണ്ട്)

ചെക്ക് നം.തീയതി :512996/31.03.2023

മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്തിൽ നിന്നും നൽകിയ വേതനം സംബന്ധിച്ച വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹30000/- തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം21/26.9.2023) ലഭ്യമാക്കിയ മറുപടിയിൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നതായറിയിച്ചു. രേഖകൾ ലഭ്യമാകുന്നമുറക്ക് അറിയിക്കേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.

## 1-29 തെരുവു വിളക്ക് വാങ്ങൽ പദ്ധതി നടപടികളിൽ ന്യൂനതകൾ.

| പ്രൊജക്ട് നമ്പർ | വാർഡ് നം. | അടങ്കൽ (₹) | നൽകിയ തുക (₹) | വൗച്ചർ നം |
|---|---|---|---|---|
| 35 /23 | 15 | 85000 | 85000 | XVFC/2022-23 /P/83/27.3.23 |
| 247/23 | 16 | 79445 | 78000 | XVFC/2022-23 /P/85/27.3.23 |
| 265/23 | 14 | 25000 | 23400 | XVFC/2022-23 /P/84/27.3.23 |
| ആകെ | | 189445 | 186400 | |

എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതാണ് പ്രൊജക്ട്. തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചു. ടെൻഡർ നോട്ടീസ് പ്രകാരം ഇൻസ്റ്റലേഷൻ ചാർജ് ഇല്ലാതെയും, വാറണ്ടി കാലാവധി രേഖപ്പെടുത്തിയും, ബാധകമായ നികുതികൾ ഉൾപ്പെടെയുമുള്ള നിരക്കുമാണ് കാണിക്കേണ്ടത്. ഒരു ടെൻഡർ മാത്രം ലഭിച്ചതിനാൽ (15.02.23-ലെ എസ് സി 1 -1/2022)റീടെണ്ടർ ക്ഷണിച്ചു. റീടെണ്ടർ പ്രകാരം ശ്രീ. ഫ്രാൻസിസ് സൈജു, സി.കെ.എഞ്ചിനിയറിങ്ങ് കോൺട്രാക്റ്റേഴ്സിന് പ്രൊജക്ട് നിർവ്വഹിക്കുന്നതിനായി ഏൽപ്പിക്കുകയുണ്ടായി. മേൽ പ്രൊജക്ട് നിർവഹണത്തിൽ കണ്ട ന്യൂനതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-3 ൽ വിശദമായി ചേർത്തിട്ടുണ്ട്.

## 1-30 എസ്.എസ്.കെ. പ്രൊജക്ട് -പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ,ജി.യു.പി.എസ് |
| പ്രോജക്ട് നമ്പർ | 185/23 |
| അടങ്കൽ | ₹140902/-(ധനകാര്യകമ്മീഷൻഅവാർഡ്) |
| ചെലവ് | ₹140902/- |
| വൗച്ചർ നം. | 22120752001901385411/ 17.3.2023 |

സർക്കാർ മാർഗ്ഗരേഖ [സ.ഉ.(കൈ)നം.84 /2022 / തസ്വഭവ. തി. 19.01,2022] പ്രകാരം എസ്.എസ്.കെ.യ്ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പ്രൊജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തത്തോടെ ആയിരിക്കേണ്ടതാണ്. പ്രൊജക്ട് പൂർത്തീകരണത്തിന് ശേഷം ഓരോ സ്കൂളിലും നടന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്തൊക്കെയാണെന്ന വിവരങ്ങൾ എസ്.എസ്.കെ. ഡയറക്ടർ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുമാണ്. എന്നാൽ അത്തരത്തിലുള്ള പ്രവർത്തനം ഉണ്ടായിട്ടില്ല.

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതമാണ് മേൽ ബിൽ പ്രകാരം എസ്.എസ്.കെ.യ്ക്ക് കൈമാറിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പ്രോജക്ടുകൾ എസ്.എസ്.കെ. പ്രൊജക്ടിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. പ്രൊജക്ട് പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നത് സംബന്ധിച്ച വിശദമായ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ₹140902/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 ചാലവീട്ടിൽ സ്ലൂയിസ് ഷട്ടർ നിർമ്മാണം പ്രൊജക്ട് നാളിതുവരെ പ്രാവർത്തികമായില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 246/ 23 |
| പ്രൊജക്ടിന്റെ പേര് | ചാലാവീട്ടിൽ സ്ലൂയിസ് ഷട്ടർ നിർമ്മാണം |

| | |
|---|---|
| അടങ്കൽ/ചെലവ് | ₹250000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| വൗച്ചർ നം. | Xvfc/2022-23/p/25, 22.12.2022 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ 16-ാം വാർഡിലെ ചാലവീട്ടിൽ സ്ലൂയിസ് ഷട്ടറിന്റെ നിർമ്മാണത്തിനായി ₹14,50,000/- പൊതുമരാമത്ത് മെക്കാനിക്കൽ ഡിവിഷനിലേക്ക് എസ്റ്റിമേറ്റ് പ്രകാരം മുൻകൂറായി കൈമാറിയിട്ടുള്ളതാണ്. ഷട്ടർ നിർമ്മാണവും പെയിന്റിങ്ങ്, ഘടിപ്പിക്കലും എന്ന പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 2019-20 പദ്ധതിയിൽപ്പെടുത്തി (നം.41/20) ₹11,50,000/- 9.5.19, 11.7.19 തീയതികളിൽ അടവാക്കിയതും തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അവശേഷിച്ച തുകയായ മൂന്നുലക്ഷം രൂപയും (5.2.2020 നം ₹88,610/-യും 10.8.2020ൽ ₹2,11,190) ചേർത്താണ് ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷനിലേക്ക് മുൻകൂറായി അടവ് വരുത്തിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്ക് 20.9.21-ലെ 7/1 നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. 15.10.2022- ൽ ഇറിഗേഷൻ വകുപ്പ് ആവശ്യപ്പെട്ട പ്രകാരം 3.12.22- ലെ ജി.എസ്.ടി.യിലെ നിരക്ക് മാറ്റത്തിനനുസരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം അധികമായി ₹2,50,000/- കൂടി മേൽ പറഞ്ഞ ബിൽ പ്രകാരം ഓഡിറ്റ് വർഷം അടവാക്കുകയുണ്ടായി.

പ്രസ്തുത മെക്കാനിക്കൽ പ്രവൃത്തികൾക്കൊപ്പം സിവിൽ പ്രവൃത്തികൾക്കായി 3 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കുമായി (പ്രൊജക്റ്റ് നം.73/23) പഞ്ചായത്ത് ഭരണസമിതി അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി. ഇത് പ്രകാരം ടെൻഡർ നടപടിയിലൂടെ എം.എ.ആർ ഫാബ്രിക്കേഷൻ പ്രൈ.ലിമിറ്റഡിനെ പ്രവൃത്തി ഏൽപ്പിച്ചു. (എഗ്രിമെൻറ് നമ്പർ.19/AE/LID&EW KGP/22-23 Dt.21.12.2023) ഇതനുസരിച്ച് 21.12.22-ന് സൈറ്റ് ഹാൻഡ്ഓവർ ചെയ്തു. കരാറിലേർപ്പെട്ട് എട്ടുമാസത്തിൽ അധികമായിട്ടും കരാറുകാരൻ പ്രവൃത്തി നടത്താത്തതിന് കരാറുകാരന് പ്രവർത്തി ആരംഭിക്കാത്തത് സംബന്ധിച്ച് 14.07.2023 -ന് പഞ്ചായത്തിൽ ചുമതലയേറ്റ എ.ഇ. 26.8.23 -ന് കരാറുകാരന് കത്ത് നൽകിയിരുന്നു. എന്നാൽ കരാറിലേർപ്പെട്ട് ഒൻപത് മാസത്തിലധികമായിട്ടും പ്രവൃത്തി ആരംഭിക്കുകപോലും ചെയ്യാത്ത കരാറുകാരന് എതിരെ നിയമാനുസൃത നടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. നിലവിലെ കരാർ നിലനിൽക്കുമ്പോൾ തന്നെ ഇതേ പ്രവൃത്തിക്ക് പുതിയ പദ്ധതി തുടർ വർഷം സ്പിൽ ഓവറായി എറ്റെടുക്കുകയും ചെയ്തു. മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളും സമാന്തരമായി നടക്കേണ്ടതാണെങ്കിലും പ്രവൃത്തികൾ ഒന്നും തന്നെ നടന്നിട്ടില്ല എന്ന് 26.09.2023 ന് നടത്തിയ സൈറ്റ് വെരിഫിക്കേഷനിൽ കാണുകയുണ്ടായി. ഡെപ്പൊസിറ്റ് പ്രവൃത്തി നടത്തേണ്ട ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷനോ, സിവിൽ വർക്ക് ചെയ്യിക്കേണ്ട പഞ്ചായത്ത് എഞ്ചിനിയറിങ്ങ് വിഭാഗമോ പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ ഇത് സംബന്ധിച്ച് ചെയ്യേണ്ട തുടർനടപടി സ്വീകരിച്ചു കാണുന്നില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗവുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ 2022-23 വർഷം M/sഎം.എ.ആർ ഫാബ്രിക്കേഷൻ പ്രൈവറ്റ് ലിമിറ്റഡ് കരാറിൽ കാലാവധി രേഖപ്പെടുത്തുകയോ സെക്രട്ടറി ഒപ്പ് വയ്ക്കുകയോ ചെയ്തിട്ടില്ല. മേൽ പരാമർശങ്ങൾ നിലവിലെ എ.ഇ, ലഭ്യമാക്കിയ മറുപടിയിൽ ഒക്ടോബർ, നവംബർ മാസങ്ങളിൽ ഉപ്പ് വെള്ളം കയറുന്ന സമയത്ത് തോടിന് കുറുകെ താൽക്കാലിക ബണ്ട് കെട്ടി ഹണ്ട് നിർമ്മാണ പ്രവൃത്തി നടത്തുന്നതിന് ഏറ്റവും അഭികാമ്യം എന്നാണ്. എന്നാൽ ഈ പറഞ്ഞ കാലയളവായ 2022 ഡിസംബറിൽ സൈറ്റ് കൈമാറ്റം ചെയ്തിട്ടും നാളിതുവരെ പ്രവൃത്തി നടത്താതെ സ്പിൽ ഓവറായതിന്റെ കാരണവും മേൽ പറഞ്ഞ മറ്റ് അപാകതകൾക്കും അന്നത്തെ എ.ഇ. മറുപടി ലഭ്യമാക്കിയിട്ടില്ല. 2019 ൽ തുടങ്ങിയതും 14.5 ലക്ഷം രൂപ മറ്റൊരു ഏജൻസിക്ക് മുൻകൂറായി നൽകിയിട്ടും പ്രവൃത്തി ഒന്നും തന്നെ ഓഡിറ്റ് കാലയളവിൽ നടന്നിട്ടില്ല. ആയതിനാൽ ഏജൻസിയുമായി കരാർ ഉണ്ടെങ്കിൽ നിയമാനുസൃത നടപടികൾ ഉൾപ്പെടെ പദ്ധതിയുടെ നിർവ്വഹണത്തിനായി സ്വീകരിച്ച തുടർ നടപടികൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉടൻ അറിയിക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-32 ലാപ്ടോപ്പുകൾ അധിക വിലക്ക് വാങ്ങി

| | |
|---|---|
| പ്രൊജക്ട് നം | 142/23 |
| പ്രൊജക്ടിന്റെ പേര് | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വാങ്ങി നല്കൽ |
| അടങ്കൽ/ഫണ്ടിനം | ₹260260/- |
| ചെലവ് | ₹260260/- |
| ബിൽ നം. തിയ്യതി | 22111252011501570289/30.3.2023. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ |

2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഏഴ് ലാപ്ടോപ്പുകൾ ജെം പോർട്ടൽ വഴി വാങ്ങി വിതരണം ചെയ്തു. ₹37180/- വീതം ₹260260/- യാണ് മൊത്തം ചെലവഴിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റ് വർഷം സർക്കാർ ഉത്തരവ് E&IT Dept ( GO(Rt) 146/2022/ITD Dated 20.7.2022) പ്രകാരം സി.പി.ആർ.സി.എസ്. മുഖേന ലാപ്ടോപ്പ് ഒന്നിന് ₹36544/-ക്കാണ് വാങ്ങേണ്ടത്. കൂടാതെ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ, തീയതി 28.5.2022, ഖണ്ഡിക 7.3.1., പ്രകാരം പ്രസ്തുത വിഭാഗം ഗുണഭോക്താക്കൾക്ക് വാങ്ങേണ്ട ലാപ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ പരാമർശിച്ചിട്ടുള്ളതും 4GB DDR4 RAM ഉള്ളവയുമാണ് വാങ്ങേണ്ടത്. എന്നാൽ ജെം പോർട്ടൽ വഴി ഉയർന്ന സ്പെസിഫിക്കേഷൻ (8GB RAM) ഉള്ള ലാപ്ടോപ്പ് ആണ് വാങ്ങിയത്. മേൽ പറഞ്ഞ E&IT(ITCELL) Dept-ന്റെ ഉത്തരവിനും വിരുദ്ധമായി അധികം തുക ചെലവഴിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് (നം.25/26.9.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദിഷ്ട ഉത്തരവ് പാലിക്കാതെ ലാപ്ടോപ്പ് വാങ്ങിയതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആയതിനാൽ ₹260260/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പ്രൊജക്ടിലെ ന്യൂനത സംബന്ധിച്ച്

| | |
|---|---|
| പ്രൊജക്ട് നമ്പർ | 147/23 |
| പ്രൊജക്ടിന്റെ പേര് | വഞ്ചിയും വലയും വാങ്ങി നൽകൾ. |
| അടങ്കൽ: | ₹240000/-<br>(വികസനഫണ്ട്: ₹180000/-; ₹60000/- ഗുണഭോക്തൃ വിഹിതം) |
| ചെലവ് | ₹145000/- |

പദ്ധതി പ്രകാരം 10 പേരെയാണ് ഗുണഭോക്താക്കളായി തെരഞ്ഞെടുപ്പ്. ഇതിൽ 5 പേർക്ക് ഓഡിറ്റ് വർഷം ആനുകൂല്യം നൽകുകയുണ്ടായി. ₹19000/- യുടെ വഞ്ചിയും ₹5000/- യുടെ വലയുമുൾപ്പെടെ ₹24000/- യുടെ 75% ആണ് പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് നൽകുന്ന ആനുകൂല്യം. എന്നാൽ ഇവ ഉപയോഗിക്കുന്നതിന് കേരള ഇൻലാൻഡ് ഫിഷറീസ് അക്വകൾച്ചർ ആക്ട് പ്രകാരം എല്ലാ വള്ളങ്ങൾക്കും രജിസ്ട്രേഷനും, ഫിഷിങ് ലൈസൻസും നിർബന്ധമാണ്. മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്ക് രജിസ്ട്രേഷൻ ലൈസൻസ് ഇല്ലാതെയാണ് വഞ്ചി നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ (നം.7/21.09.2023) ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നിയമാനുസൃത ഫീസ് ഈടാക്കിയതായും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതായും അറിയിച്ചു. മേൽ പറഞ്ഞ പരാമർശം പരിഹരിച്ചശേഷം വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വിവാഹ ധനസഹായ പദ്ധതി - അധിക തുക നൽകി

| | |
|---|---|
| പദ്ധതി നമ്പർ | 171/23 |
| പദ്ധതിയുടെ പേര് | വിവാഹ ധനസഹായം (എസ്.സി) |
| അടങ്കൽ/ചെലവ് | 375000/- |
| ബിൽ നം,തിയ്യതി,തുക | (1) 200917276,16.12.2022: 125000/- ; (2) 20107632, 21.1.2023: 125000/-<br>(3) 201514063, 28.3.2023 125000/- |
| ഫണ്ടിനം | വികസനഫണ്ട് (എസ്.സി.പി) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം താഴെപ്പറയുന്ന മൂന്ന് പേർക്കാണ് ധനസഹായം നൽകിയത് .

| ക്രമ നം | പേര് |
|---|---|
| 1 | കുമാരി. ആദിത്യ, D/o പ്രതാപൻ |
| 2 | കുമാരി.അനിമ, D/o അരവിന്ദൻ |
| 3 | കുമാരി.വൈഷ്ണവി, D/oസുശീല |

കുമാരി. വൈഷ്ണവി, D/oസുശീല എന്ന ഗുണഭോക്താവിന് ₹125,000/-യാണ് നൽകിയത്. എന്നാൽ സർക്കാർ ഉത്തരവ് [സ.ഉ.(സാധാ) നം.2593/2022/L.S.G.D,തീയതി:26.10.2022] പ്രകാരം 15.10.2022-ന് ശേഷമുള്ള വിവാഹങ്ങൾക്കാണ് ₹125000/-യുടെ ധനസഹായത്തിന് അർഹതയുള്ളത്. മേൽപ്പറഞ്ഞ കുമാരി.വൈഷ്ണവിയുടെ വിവാഹം ഈ തീയതിക്ക് മുമ്പ് (29.08.22) നടന്നതിനാൽ ₹75,000/- ക്കാണ് യഥാർത്ഥത്തിൽ അർഹതയുണ്ടായിരുന്നത്. ക്രമ വിരുദ്ധമായി അധികം നൽകിയ തുക ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽപ്പറഞ്ഞ ന്യൂനതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/25.9.2023) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവ് സാമ്പത്തികമായി വളരെ പ്രയാസം അനുഭവിക്കുന്നതിനാൽ നഷ്ടം ഈടാക്കാൻ പ്രയാസമാണെന്നും സർക്കാർ തലത്തിൽ പരിഹാരം കാണാൻ ശ്രമിക്കുന്നതാണെന്നും അറിയിച്ചു. ഗുണഭോക്താവ് തെറ്റായ വിവരങ്ങൾ നൽകുകയോ മറ്റ് വ്യവസ്ഥകളോ ലംഘിച്ചിട്ടില്ല. അതിനാൽ തുക ഗുണഭോക്താവിൽനിന്നും നിയമപ്രകാരം ഈടാക്കാനാകില്ല. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ ഉത്തരവിന് വിരുദ്ധമായി അധിക തുക അനർഹമായി

അനുവദിച്ചതിനാൽ സർക്കാരിന് നഷ്ടം സംഭവിക്കാനിടയായി. അധികമായി അനുവദിച്ച തുകയായ ₹50000/- നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

3-2 എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അധിക തുക നൽകി

| | |
|---|---|
| പ്രൊജക്ട് നം | 173/23 |
| പ്രൊജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് |
| അടങ്കൽ | 10,00,000/- |
| ചെലവ് | 10,00,000/- |
| ബിൽ നം, തിയ്യതി,തുക | 22111252009201080247/23.1.2023, 100000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സുകൾക്ക് അനുസരിച്ച് സർക്കാർ നിശ്ചയിച്ച നിരക്കാണ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പായി നൽകേണ്ടത്. സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ.(കൈ)നം.115/2022 /ത.സ്വ.ഭ.വ തീ.28.5.2022) പ്ലസ്-2 കഴിഞ്ഞ് വിവിധ കോഴ്സുകൾക്ക് ചേരുന്ന വിദ്യാർത്ഥികളുടെ കോഴ്സുകൾക്ക് അനുവദിനീയമായ സ്കോളർഷിപ്പ് നിരക്ക് ₹15000/-യാണ്. കുമാരി. അഥീന. പഠിക്കുന്നത് പ്ലസ് -2 കോഴ്സിന് ശേഷം ചേരാവുന്ന രണ്ട് വർഷ ഡി.ഫാം കോഴ്സാണ്. (ഇത് പോളിടെക്നിക്ക്/ഐ.ടി.ഐ ഗണത്തിൽപ്പെടുന്ന ഡിപ്ലോമ കോഴ്സല്ല). എന്നാൽ കുമാരി. അഥീന.കെ.എസ്, D/o സേതുനാഥ് -ന് ₹20,000/- നൽകിയിട്ടുണ്ട്. ₹5000/-യുടെ അധിക ചെലവ് നിരാകരിക്കുന്നു. മേൽപ്പറഞ്ഞ നിർവ്വഹണത്തിൽ കണ്ട ന്യൂനതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള( നം.23/26.9.2023) മറുപടിയിൽ അശ്രദ്ധമായ പിഴവായി സംഭവിച്ചുപോയെന്നമാണ്. സർക്കാർ നിർദ്ദേശത്തിന് വിഭിന്നമായി അധിക തുക അനുവദിച്ചതിനാൽ ₹5000/- തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

3-3 തെരുവ് വിളക്ക് വാങ്ങൽ പ്രൊജക്ട് നടപടികളിൽ ന്യൂനതകൾ.

| പ്രൊജക്ട് നമ്പർ | വാർഡ് നം. | പ്രൊജക്ട് അടങ്കൽ (₹) | നൽകിയ തുക (₹) | വൗച്ചർ നം |
|---|---|---|---|---|
| 35 /23 | 15 | 85000 | 85000 | XVFC/2022-23 /P/83/27.3.23 |
| 247/23 | 16 | 79445 | 78000 | XVFC/2022-23 /P/85/27.3.23 |
| 265/23 | 14 | 25000 | 23400 | XVFC/2022-23 /P/84/27.3.23 |
| ആകെ | | 189445 | 186400 | |

എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതാണ് പ്രൊജക്ട്. തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചു. ടെൻഡർ നോട്ടീസ് പ്രകാരം ഇൻസ്റ്റലേഷൻ ചാർജ് ഇല്ലാതെയും വാറണ്ടി കാലാവധി രേഖപ്പെടുത്തിയും, ബാധകമായ നികുതികൾ ഉൾപ്പെടെയുള്ള നിരക്കുമാണ് ടെൻഡറിൽ കാണിക്കേണ്ടത്. ഒരു ടെൻഡർ മാത്രം ലഭിച്ചതിനാൽ (15.2.23-ലെ എസ് സി 1 -1/2022)പ്രകാരം റീടെണ്ടർ ക്ഷണിച്ചു.

ശ്രീ. ഫ്രാൻസിസ് സൈജു, സി.കെ. എഞ്ചിനിയറിങ് കോൺട്രാക്ടേഴ്സിന് പദ്ധതി നിർവ്വഹണത്തിനായി റീടെണ്ടർ പ്രകാരം ഏൽപ്പിക്കുകയുണ്ടായി .

മേൽ പദ്ധതി നിർവഹണത്തിൽ കണ്ട ന്യൂനത താഴെ ചേർക്കുന്നു.

ജി.എസ്.ടി.ഉൾപ്പെടെയുള്ള കരാറുകാരൻ ക്വോട്ട് ചെയ്തത് 20 വാട്സ് ബൾബ്, ഫിറ്റിങ്ങുകൾക്കുള്ള നിരക്ക് ₹3400/-യാണ്.

| Sl No | Invoce No, Dt | No Of Lights | Rate (₹) | Gst (₹) | Total(₹) |
|---|---|---|---|---|---|
| 1 | 6577CE1,9.3.23 | 20 | 66101.60 | 11898.28 | 78000 |
| 2 * | 6578CE1,9.3.23 | 22 | 72711.76 | 13088.12 | 85800 |
| 3 | 65791CE1,10.3.23 | 6 | 19830.48 | 3569.48 | 23400 |

*ക്രമ നം 2 – ൽ ₹85000/- യിൽ ലിമിറ്റ് ചെയ്തിട്ടുണ്ട്.

ഇപ്രകാരം സമർപ്പിക്കപ്പെട്ട മേൽപ്പറഞ്ഞ ഇൻ ഇൻവോയ്സ് പ്രകാരമുള്ള 48 ലൈറ്റുകളുടെയും ഫിറ്റിങ്ങുകളുടെയും തുകയായ ജി.എസ്.ടി. ഉൾപ്പെടെ ₹3900/- വീതം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനപ്രകാരം (10.3.2023 -ലെ 13/1നമ്പർ തീരുമാനം) സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും കരാറുകാരന് തുക അനുവദിക്കുകയും ചെയ്തു. എന്നാൽ ക്വോട്ട് ചെയ്ത നിരക്കിന് പുറമേ ഇൻവോയിസ് പ്രകാരമുള്ള ജി.എസ്.ടി. വീണ്ടും അധികമായി നൽകേണ്ടതില്ല. ഇത് നൽകിയത് ക്രമപ്രകാരമായ നടപടിക്രമമല്ല.
1)48 ബൾബുകൾക്ക് ₹3400/- നിരക്കിൽ 163200/- രൂപയാണ് അനുവദിക്കേണ്ടത്. എന്നാൽ ₹186400/-നൽകി.

അധികമായി ₹23200/- നൽകി.

2) പ്രാരംഭ കരാറിന്റെ രേഖപ്പെടുത്തലുകൾ ഇല്ലാത്ത മുദ്രപത്രമാണ് ഫയലിൽ ഉള്ളത് . അസ്സൽ കരാറുമില്ല.

3) സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ വർഷാവർഷം സ്ഥാപിക്കുന്ന ലൈറ്റുകളുടെ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. തൻവർഷം ഉൾപ്പെടെ മുൻ വർഷങ്ങളിൽ സ്ഥാപിച്ച വിളക്കുകളുടെ വിവരങ്ങളില്ല. വാർഡ് തിരിച്ച് അതാത് സമയത്ത് സ്ഥാപിച്ച വിളക്കുകളുടെ എണ്ണം, തരം, ഇനം എന്നിവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിക്ക് (നം.24/26.9.2023) ലഭ്യമാക്കിയ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കാൻ നടപടി സ്വീകരിക്കുമെന്നും, തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുമെന്നും അറിയിച്ചു. ടെൻഡർ വ്യവസ്ഥക്ക് വിരുദ്ധമായും കരാർ ചമക്കാതെയും നൽകിയ അധിക തുക കരാറുകാരനിൽ നിന്നും ഈടാക്കാൻ നിയമപ്രകാരം വ്യവസ്ഥയില്ല. തുക കരാറുകാരന് അനുവദിക്കുന്നതിന് മുമ്പ് ആയതിന്റെ നിയമാനുസൃതമായ കൃത്യത ഉറപ്പ് വരുത്തി അനുവദിക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഇൻവോയിസ് പ്രകാരം അധികമായി അനുവദിച്ച ₹23200/- യുടെ ചെലവ് നിരാകരിക്കുന്നു. നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ബന്ധപ്പെട്ട ശീർഷകത്തിൽ പ്രസ്തുത തുക അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2022-2023 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര്, നം | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് 2022-23 | ₹274991 | കല്ലഞ്ചേരി കായൽ റോഡ് പുനരുദ്ധാരണം, 201/23 | ₹274991 | 0 |
| | ₹210552 | വാർഡ് 11 , എസ്.എൻ.ഡി.പി.കരിത്തറ ബൈലൈൻ ഫുട്പാത്ത് നിർമ്മാണം 202/23 | ₹210552 | 0 |
| | ₹199442 | പൊതുകുളങ്ങളുടേയും കിണറുകളുടേയും പുനരുദ്ധാരണം,79/23 | ₹199442 | 0 |
| | ₹100000 | അനുപൂരക പോഷകാഹാരപദ്ധതി,41/23 | ₹100000 | 0 |
| | ₹542830 | 169/23 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | ₹542830 | 0 |
| | ₹1350000 | 195/23,ലൈഫ് ഭവന പദ്ധതി ജനറൽ (ഫിഷറീസ്) | ₹1350000 | 0 |
| | ₹1235000 | 181/23,ലൈഫ് ഭവന നിർമ്മാണം(പട്ടികജാതി) | ₹1235000 | 0 |
| ആകെ | ₹3912815 | | ₹3912815 | 0 |
| ജില്ലാ പഞ്ചായത്ത് 2022-23 | ₹730419 | 267/23, സെന്റ് പീറ്റേഴ്സ് റോഡ് അറ്റകുറ്റപ്പണി | ₹730419 | 0 |
| | ₹1500000 | 254/23, കയർ സൊസൈറ്റി റോഡ് അറ്റകുറ്റപ്പണി | ₹1500000 | 0 |
| | ₹999049 | 89/23, കയർ സൊസൈറ്റി റോഡ് അറ്റകുറ്റപ്പണി | ₹999049 | 0 |
| | ₹998346 | 92/23, കടുങ്ങാംപറമ്പ് ലിങ്ക് റോഡ് നിർമ്മാണം | ₹998346 | 0 |
| | ₹989669 | 84/23, കോയ ബസാറിൽ മുസ്‌ളീംപള്ളിക്ക് പടിഞ്ഞാറ് വശം കാന നടപ്പാത അറ്റകുറ്റപ്പണി | ₹989669 | 0 |

| | | | | |
|---|---|---|---|---|
| | ₹213836 | 255/23, പാടശേഖര റോഡ് അറ്റകുറ്റപണികൾ | ₹213836 | 0 |
| | ₹619896 | 83/23, ഇല്ലിക്കൽ റോഡ് അറ്റകുറ്റപണികൽ | ₹619896 | 0 |
| | ₹834030 | 94/23, വട്ടത്തറ റോഡ് അറ്റകുറ്റപണികൽ | ₹834030 | 0 |
| | ₹875613 | 256/23, ഫ്രണ്ട്സ് റോഡ് അറ്റകുറ്റപ്പണികൾ | ₹875613 | 0 |
| | ₹999026 | 91/23, സി.കെ ഭാർഗ്ഗവൻ റോഡ് അറ്റകുറ്റപ്പണികൾ | ₹999026 | 0 |
| | ₹180710 | 169/23, ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | ₹180710 | 0 |
| | ₹3415000 | 195/23, ലൈഫ് ഭവന പദ്ധതി ജനറൽ (ഫിഷറീസ്) | ₹3415000 | 0 |
| | ₹270000 | 181/23, ലൈഫ് ഭവന നിർമ്മാണം(പട്ടികജാതി) | ₹270000 | 0 |
| ആകെ | ₹12625594 | | ₹12625594 | 0 |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് പ്രോജക്ട് നം | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്ട് നം.69/23, 8, 9 വാർഡുകളിൽ തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 42201420 തീ.31.03.23 | ₹37537 | 0 |
| കെ.എസ്.ഇ.ബി | 39/23, വാർഡ് 15, തെരുവ് വിളക്ക് ലൈൻദീർഘിപ്പിക്കൽ | 42201060 തീ.31.03.23 | ₹75400 | 0 |
| കെ.എസ്.ഇ.ബി | 158/23,വിവിധ വാർഡുകളിൽ, തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 42200696തീ.12.12.22<br>42200697തീ.12.12.22<br>42200837തീ.13.02.23<br>42200870തീ.25.02.23<br>42200874തീ.28.02.23<br>42200875തീ.28.02.23 | ₹63979<br>₹19804<br>₹43231<br>₹76427<br>₹66983<br>₹11038<br>ആകെ.₹281462 | 0 |
| കെ.എസ്.ഇ.ബി | 30/23, വാർഡ്12, തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 42200876തീ.28.02.23<br>42201061തീ.31.03.23<br>42201019തീ.31.03.23 | ₹76114<br>₹52318<br>₹33206<br>ആകെ.₹161638 | 0 |
| ഇറിഗേഷൻ വകുപ്പ് | 246/23, ചാലവീട്ടിൽ സ്ലൂയിസ് & ഷട്ടർ | 42100008തീ.20.12.22 | ₹250000 | 0 |

ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ(പി)നം 6872/22. തീ12.10.22 ജി.ഒ(പി)നം 1049/23. തീ13.02.23 | ₹25380000 | ₹19660000 | ₹3455087 | 0 | ₹16204913 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ₹75261/- ലഭിച്ചു. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|---|
| 2021-22 | 1-31 | ₹58386 | ശ്രീമതി ബിന്ദു.ജി. ഹെഡ് ക്ലർക്ക് | 1220103981 തീ.31.01.23 |
| 2021-22 | 1-28 | ₹16875 | ശ്രീ.ജോസി റാഫേൽ | 1220105844 തീ.31.03.23 |
| | | ₹75261 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം.

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,61,88,975.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹3,96,82,362.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹78,200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹10,01,737 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | ₹50000 | ശ്രീ.ജോസഫ്.സി.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | | ₹5000 | ശ്രീ.ജോസഫ്.സി.എ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | | ₹23200 | ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി |
| ആകെ | | ₹78200 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | ₹66625 | ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-24 | ₹362883 | ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |

| | | |
|---|---|---|
| 1-25 | ₹141067 | ഡോ.അനീഷ്.പി, മെഡിക്കൽ ഓഫീസർ കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-28 | ₹30000 | ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് |
| 1-30 | ₹140902 | ശ്രീ.സേവ്യർ.പി.ജി, ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ,,കുമ്പളങ്ങി. |
| 1-32 | ₹260260 | ശ്രീമതി.മിലി ഗോപിനാഥ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത്. |
| ആകെ | ₹10,01,737 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | ശ്രീമതി.സീജ ജോസഫ്, സെക്രട്ടറി | സെക്രട്ടറി കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | പുന്നക്കൽ, ബിന്നി റോഡ്, പള്ളുരുത്തി എറണാകുളം |
| 2 | ശ്രീ.ജോസഫ്.സി.എ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി ചെല്ലാനം ഗ്രാമപഞ്ചായത്ത് | ചമ്പക്കാട്ട്, കടക്കരപ്പള്ളി.പി,ഒ ചേർത്തല, ആലപ്പുഴ |
| 3 | ഡോ.അനീഷ്.പി , മെഡിക്കൽ ഓഫീസർ ഹോമിയോ, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | മെഡിക്കൽ ഓഫീസർ, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | പുതിയവീട്ടിൽ , കണ്ണാപള്ളി റോഡ്, പച്ചാളം, എറണാകുളം |
| 4 | ശ്രീമതി.മിലി ഗോപിനാഥ്, ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | ആലപ്പുഴ ഡി.ഡി.ഒ | ചീരാംകുടി, വെണ്ണല എറണാകുളം |
| 5 | ശ്രീ.സേവ്യർ പി.ജി. ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ഗവ.യു.പി.എസ്. | പുളിക്കിൽ, പട്ടണക്കാട്, ചേർത്തല, ആലപ്പുഴ |

## 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | എൽ.എഫ്.ഇ (പി4)1276/00 തീയതി : 12.02.2001 | എല്ലാ ഖണ്ഡികകളും |
| 1996-97 | എൽ.എഫ്.ഇ (പി3)1316/00 തീയതി : 12.02.2001 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ഇ(പി3)339/02 15.11.2002 | 43 |
| 1998-99 (വരവ്) | എൽ.എഫ്.ഇ (പി6)1354/04 തീയതി :04.11.05 | 5 |
| 1998-99(ചെലവ്) | കെ.എസ്.എ.-ഇ.കെ.എം. (പി10)702/18 തീയതി 23.07.2019 | 8 |
| 1999-2000 | കെ.എസ്.എ.-ഇ.കെ.എം. (പി10)702/18 തീയതി.23.07.19 | 6 |
| 2000-01 (പ്ലാൻ) | എൽ.എഫ്.ഇ.(പി1)1336/03 തീയതി 10.03.2004 | 8 |
| 2000-01 | കെ.എസ്.എ.-ഇ.കെ.എം. (പി10)702/18 തീയതി.23.07.19 | 9 |
| 2001-02 | എൽ.എഫ്.ഇ(പി6)1014/06 തീയതി 25.08.2007 | 4 |
| 2001-02(പ്ലാൻ) | എൽ.എഫ്.ഇ.(പി1)1335/03 തീയതി 11.03.2004 | 2 |

| | | |
|---|---|---|
| 2002-03 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 10 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2004-05 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 1 |
| 2005-06 | എൽ.എഫ്.ഇ.(പി2)175/08 തീയതി 02.08.08 | 9 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 4 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 1 |
| 2009-10 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2010-11 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 2 |
| 2011-12 &12-13 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 11 |
| 2013-14 & 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി3)/1817/15 തീയതി.28.01.16 | 11 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി10)702/18 തീയതി.23.07.19 | 17 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.10) 1649/2017 തീയതി 09.07.2018 | 16 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.10) 1116/2019 തീയതി 23.07.2019 | 10 |
| 2018-19 | നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1576/2019 തീയതി 10.12.2019 | 18 |
| 2019-20 | നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1153/2021 തീയതി 22.11.2021 | 29 |
| 2020-21 | നം.കെ.എസ്.എ.-ഇ.കെ.എം(പി.10)1154/2021 തീയതി 16.12.2021 | 35 |
| 2021-22 | നം.കെ.എസ്.എ.-ഇ.കെ.എം(പി.10)102/2023 തീയതി 13.04.2023/24.05.23 | 39 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 05-07-2023 and submitted on 06-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kumbalanghy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kumbalanghy Grama Panchayat for the year 2022-2023

Date: 05/12/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Kumbalanghy Grama Panchayat for the Year 2022-2023.

**1.Major Observations**

1) The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.

2) Cash Flow statement -Net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

**2.Other Observations**

1)The Amount receivable as the cost of e-tender form has not been claimed and included in the schedule in Income & Expenditure Statement or recorded as an asset under the head Other Receivables (Current) in Schedule B-15 of the Balance Sheet. It should be ensured that every year the arrival of e-tender form is included in the account.

2)Schedule B-3 : When assets are created using the grant amount, the equivalent amount is not transferred to the capital contribution head.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുമ്പളങ്ങി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്